OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book.10 Regd. No. ER/450/2001 1197 കന്നി-തുലാം 2021 ഒക്ടോബർ Date: 31.10.2021

## പത്രാധിപക്കുറിപ്പ്




# അന്താരാഷ്ട്ര അഹിംസാ ദിനം

1869 ഒക്ടോബർ 2-ന് ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ത്യയിൽ ഒക്ടോബർ 2 ഗാന്ധിജയന്തിയായി ആചരിക്കുന്നു. ഐക്യരാഷ്ട്രസഭ ഇതേ ദിവസം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നു. ഇത് ഇന്ത്യയിലെ മൂന്ന് ദേശീയ അവധി ദിനങ്ങളിൽ ഒന്നാണ്. ഇന്ത്യയിലുടനീളം പ്രാർത്ഥനാ സേവനങ്ങളും ആദരാഞ്ജലികളും ഗാന്ധിജയന്തിയെ അടയാളപ്പെടുത്തുന്നു.

അഹിംസ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഇതാണ് : ചിന്ത കൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒന്നിനേയും വേദനിപ്പിക്കാതിരിക്കുക. അഥവാ മറ്റുള്ളവർക്ക് തന്റെമേൽ മുൻപറഞ്ഞ രീതിയിൽ വേദനിപ്പിക്കാൻ പ്രചോദനം നൽകത്തക്കവിധത്തിലുള്ള ദൌർബല്യാവസ്ഥ സ്വയം ഉണ്ടാക്കാതിരിക്കുക. ഈ വാക്ക് സംസ്കൃത ഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നതാണ്. നശിപ്പിക്കുക അല്ലെങ്കിൽ മുറിവേൽപ്പിക്കുക എന്നീ അർത്ഥം വരുന്ന സംസ്കൃത പദമായ 'ഹിംസ' എന്ന വാക്കിന്റെ വിപരീതപദമാണ് നശിപ്പിക്കാതിരിക്കുക അല്ലെങ്കിൽ മുറിവേൽപ്പിക്കാതിരിക്കുക എന്നർത്ഥം വരുന്ന അഹിംസ. അഹിംസക്ക് അക്രമരാഹിത്യം എന്നൊരു അർത്ഥം കൂടിയുണ്ട്. മറ്റുള്ളവർക്ക് തന്നെ ആക്രമിക്കാൻ പ്രേരണ നൽകുന്ന തരത്തിലുള്ള ദൌർബല്യം കൊണ്ട് നടക്കാതിരിക്കുക. മൃഗങ്ങളടക്കമുള്ള എല്ലാ ജീവികളും പാലിക്കേണ്ട ഒരു ഗുണമായി അഹിംസയെ പല ഇന്ത്യൻ മതങ്ങളും കാണുന്നു



കെ.രാജീവൻ

എല്ലാ അനീതികളും ഹിംസയുടെ രൂപങ്ങളാണ് . ഇന്നത്തെ ചിന്തകൾ ഹിംസയ്ക്കെതിരെ നിൽക്കുന്നു. ഹിംസ ഓരോ കാലത്തും പുതിയ രൂപങ്ങൾ ധരിക്കുന്നു. ഒന്നാമത്തേതു ചെറുതും വലുതുമായ പുതിയ നമ്മുടെ കാലത്തെ ഹിംസയുടെ പ്രധാന കാരണങ്ങൾതന്നെ രബീന്ദ്രനാഥ ടാഗോർ രൂക്ഷമായി വിമർശിച്ച സങ്കുചിത ദേശീയ വാദവും സാമ്രാജ്യത്തിന്റെ സാമ്പത്തികമോഹങ്ങളുമാണ് യുദ്ധാവസ്ഥ നിലനിർത്തുന്നത്. അമേരിക്കൻ സമ്പദ്വ്യവസ്ഥയെ താങ്ങിനിർത്തുന്നത് യുദ്ധവ്യവസായങ്ങൾ ആണെന്നതു കൊണ്ട് അവർക്ക് ലോകമെമ്പാടും യുദ്ധാന്തരീക്ഷവും പരസ്പര സംശയവും നിലനിർത്തേണ്ടതുണ്ട്. ഇന്നത്തെ യുദ്ധാവസ്ഥയുടെ മുഖ്യകാരണം ആ രാഷ്ട്രം തന്നെ. കൂടാതെ

അതിർത്തിത്തർക്കങ്ങളും വിപണിമത്സരങ്ങളും ദേശീയ അഹന്തയുമെല്ലാം യുദ്ധം അനിവാര്യമാക്കുന്നു.

സ്ത്രീകളോടുള്ള പുച്ഛം പ്രതിലോമ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാണ്. സ്ത്രീകൾ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്ന മനുവാദത്തെ വർണ്ണവ്യവസ്ഥയോടൊപ്പം, അവർ മുറുകെ പ്പിടിക്കുന്നു. സദാചാര പോലീസിംഗ് കൂടുതൽ വ്യാപക മായി വരുന്നു. കൊച്ചി മുതൽ പാലാ വരെ നാം അതിന്റെ താണ്ഡവം കണ്ടു. ലവ് ജിഹാദ്, ദുരഭിമാനക്കൊലകൾ, ആന്റി റോമിയോ സ്‌ക്വാഡുകൾ ഇവയുടെ എല്ലാം ഇരകൾ പ്രാഥമികമായും സ്ത്രീകൾ തന്നെ .

സ്ത്രീകൾ വീട്ടിലിരിക്കണം എന്ന് എല്ലാ മതമൗലിക വാദികളും കരുതുന്നു . അവരുടെനേർക്ക് വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കുള്ള കാരണം അവരുടെ തന്നെ വസ്ത്ര ധാരണമോ രാത്രി ഇറങ്ങിനടപ്പോക്കോ ഒക്കെ ആണെന്നാണ് പ്രചാരണം .

" ജനത സ്ത്രീയെപ്പോലെയാണ് . ഒരു ശക്തനു മുന്നിൽ അത് കീഴടങ്ങും" എന്ന ഹിറ്റ്ലറുടെ പ്രസ്താവത്തിലുള്ള സ്ത്രീകളോടുള്ള വിരോധവും, അവർ ദുർബ്ബലർ ആണെന്ന വിശ്വാസവും പുരുഷശക്തിയിലുള്ള അതിർവിട്ട ആത്മ വിശ്വാസവും ഈ സമീപനതിനു പിറകിലുണ്ട്. വീട്ടിലും തെരുവിലും ഓഫീസിലും ചരിത്രത്തിലും സംസ്കാരത്തിലും സാമൂഹ്യമാധ്യമങ്ങളിലും സ്ത്രീയെ പ്രത്യക്ഷവും പരോക്ഷ വുമായി ധ്വംസിക്കുന്നു.

ഇതിന്റെ തന്നെ ഒരു ഭാഗമാണ് ഇതര ലൈംഗികതകളെ അസ്വാഭാവികമായി കാണുന്നത്. ബലാത്കാരവും ദുരഭിമാനക്കൊലയും മുതൽ അടുക്കളത്തടവും വാക്കാൽ ഹിംസയും വരെ ഇത് പല രൂപങ്ങൾ സ്വീകരിക്കുന്നു.

വംശവാദം സമൂഹത്തെ വെള്ളക്കാർക്ക് അനുകൂലമാക്കു ന്നു. ജാതി വാദം സമൂഹത്തെ സവർണ്ണർക്ക് അനുകൂലമാ ക്കുന്നതുപോലെ തന്നെ. കറുത്തവരെയും അവർണ്ണരെയും ആദിവാസികളെയും ഇവ നിരന്തരം ദ്രോഹിക്കുകയും പ്രാഥമികാവകാശങ്ങൾ നിഷേധിക്കുകയും സംസ്കാര ത്തിലും അറിവിലും നിന്ന് അകറ്റിനിർത്തുകയും ചെയ്യുന്നു .

ഇന്ത്യയിൽ ദളിത് വിദ്യാർത്ഥികൾക്കെതിരെ സമീപകാലത്ത് നടന്ന അക്രമങ്ങൾ, ആസ്‌ട്രേലിയയിൽ ഇന്ത്യൻ വിദ്യാർത്ഥി കൾക്കെതിരെ നടന്ന അക്രമങ്ങൾ, കറുത്തവർക്കെതിരെ വെളുത്തവർ നിരന്തരം നടത്തുന്ന അക്രമങ്ങൾ, ഹിന്ദു ഇസ്ലാമിക തീവ്രവാദികൾ സ്ത്രീകൾക്കെതിരെയും സ്വതന്ത്ര ചിന്തകർക്കെതിരെയും നടത്തുന്ന അക്രമങ്ങൾ, ഇവയെല്ലാം ഹീനമായ വംശവാദത്തിന്റെയും മതമൗലികവാദത്തി ന്റെയും ഇരുണ്ട പ്രകാശനങ്ങൾ തന്നെ.

വികസനത്തിന്റെ പേരിൽ പരിസ്ഥിതി നശിപ്പിക്കുകയും ലക്ഷക്കണക്കിനാളുകളുടെ ആവാസഭൂമി നഷ്ടമാക്കുകയും മലകളും കാടുകളും അപൂർവ്വ ഭൂപ്രദേശങ്ങളും ജന്തുസസ്യ ജാലവും ഇല്ലാതാക്കുകയും ചെയ്യുന്ന ലാഭക്കൊതി മനുഷ്യ ഭാവിയെത്തന്നെ അസാദ്ധ്യമാക്കുന്നു. ഈ ഇക്കോഫാസി സവും ഇതിനെ പിന്തുണയ്ക്കുന്ന ടെക്നോഫാസിസവും മുതലാളിത്ത രീതിയിലുള്ള വികസനത്തിന്റെ (അതിനു സോഷ്യലിസം എന്ന് പേരിട്ടാലും ) ദുരന്തോല്പന്നങ്ങളാണ് .

**കെ.രാജീവൻ**

# ലൈഫ് സർട്ടിഫിക്കറ്റ്



**എ.ജയകുമാർ**
**ജനറൽ സെക്രട്ടറി**

നമ്മൾ ആവശ്യപ്പെട്ടതനുസരിച്ചു ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം ബ്രാഞ്ചിൽ സന്ദർശനം നടത്താതെ ഈമെ യിൽ വഴി ഫോം അയച്ചു കൊടുത്തു ലളിതമാക്കി യിരിക്കുകയാണ്. അതിന്റെ നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു :-

1) 80 വയസ്സും അതിന് മുകളിലും ഉള്ള സീനിയർ പെൻഷൻകാർ ഒക്ടോബർ ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള കാലാവധിയ്ക്കുള്ളിൽ ലൈഫ് സർട്ടിഫിക്കേറ്റ് സമർപ്പിച്ചാൽ മതി

2) മറ്റ് പെൻഷൻകാരും ഫാമിലി പെൻഷൻകാരും നവമ്പർ ഒന്ന് മുതൽ നവമ്പർ 30 വരെയുള്ള കാലാവധിയ്ക്കുള്ളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർ പ്പിക്കണം

3) ഫാമിലി പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റിന്റെ അടി ഭാഗത്തു കൊടുത്തിരിക്കുന്ന പുനർവിവാഹ സർട്ടിഫികറ്റ്, നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് കുടി ഒപ്പിട്ട് കൊടുക്കണം .

4) ഒപ്പിട്ട ഫോം സ്കാൻ ചെയ്തു പെൻഷൻ പേയിങ് ബ്രാഞ്ചിന്റെ ഈ-മെയിൽ ഐ.ഡി.യിലേക്ക് അയയ്ക്കണം. ബ്രാഞ്ച് ഈമെയിൽ ഐഡി എപ്പോഴും sbi യ്ക്ക് ശേഷം ഒരു ഡോട്ട് അല്ലെങ്കിൽ കുത്തും 5 അക്കമുള്ള ബ്രാഞ്ച് കോഡ് ചേർത്താണ്. ഡൊമൈൻ sbi.co.in ഉദാ . തിരുനക്കര ബ്രാഞ്ച് ഈമെയിൽ ഐഡി sbi.08633@sbi.co.in

ബ്രാഞ്ചിലെ നടപടി

i. ഈ-മെയിലിൽ കിട്ടിയ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺ ലോഡ് ചെയ്യുന്നു

ii. ലൈഫ് സർട്ടിഫിക്കറ്റിലെ ഒപ്പ് ബാങ്ക് അക്കൗണ്ടിന് കൊടുത്തിരിക്കുന്ന ഒപ്പുമായി ഒത്തു നോക്കും.

iii. ലൈഫ് സർട്ടിഫിക്കേറ്റ് അയച്ചത് പെൻഷനെർ ആണെന്ന് SMS വഴി ബ്രാഞ്ച് മാനേജർ ഉറപ്പാക്കുന്നു

iv. പെൻഷൻ അക്കൗണ്ടിൽ 6 മാസമായി ഇടപാട് ഇല്ലായെങ്കിൽ ഫോൺ വിളിച്ചു ആളുതന്നെയെന്നു വ്യക്തത വരുത്തും

v. അതിന് ശേഷം എച്ച്.ആർ.എം.എസ്സിൽ അപ്ലോഡ് ചെയ്യുകയും അത് ബ്രാഞ്ച് മാനേജർ അപ്പ്രൂവ് ചെയ്യുന്ന തോടുകൂടി ഓട്ടോമാറ്റിക് ആയി മറുപടി രസീത് ഈമെ യിൽ അഥവാ SMS വഴി മെസ്സേജ് ആയി പെൻഷന്കാർന് ലഭിക്കുകയും ചെയ്യുന്നു .

# വിരമിക്കലിന് ശേഷം

## അറിയേണ്ടതെല്ലാം



മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്. കോട്ടയം

വിരമിക്കലിന് ശേഷം ബാങ്കിൽ നിന്ന് ലഭിക്കാൻ അർഹതപ്പെട്ട അനുകൂല്യങ്ങളെപ്പറ്റി പലർക്കും അറിവില്ലാത്തതുകൊണ്ട് പലരും അതിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല. ഇത് സംബന്ധമായ അറിവുകൾ പങ്ക് വെയ്ക്കുവാൻ നമ്മുടെ സംഘടനയ്ക്കു ഒരു പരിധി വരെ സാധിക്കുന്നുണ്ട് .
ഉദാ : ഡിസ്പെൻസറി സൗകര്യവും ലാബ് ടെസ്റ്റുകളും

## ക്ഷേമ സൗകര്യങ്ങൾ

## ഡിസ്പെൻസറി

പ്രാദേശിക ഹെഡ് ഓഫീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ, മറ്റ് ചില വലിയ ബ്രാഞ്ചുകൾ എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ട്, ഇത് സാധാരണ രോഗങ്ങൾക്കും ചില അസാധാരണ രോഗങ്ങൾക്കും സ്പെഷ്യലിസ്റ്റുകളുമായും പാത്തോളജിക്കൽ ക്ലിനിക്കുകളുമായും കൂടിയാലോചിക്കാനുള്ള സൗകര്യങ്ങൾ നൽകുന്നു.
വിരമിച്ചയാളിനും ജീവിത പങ്കാളിയ്ക്കും സാധാരണയുള്ള അസുഖങ്ങൾക്ക് ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലോ, റീജിയണൽ ബിസ്സിനസ്സ് ഓഫീസ്സിലോ, ലോക്കൽ ഹെഡ് ഒഫീസ്സിലോ മെയിൻ ബ്രാഞ്ചുകളിൽ ഉള്ള ഡിസ്പെൻസറിയിലോ നിന്ന് മരുന്ന് വാങ്ങാം. ഉദാ പ്രമേഹം/രക്തസമ്മർദ്ദം/കൊളസ്ട്രോൾ സംബന്ധമായ രോഗങ്ങൾ / തുടങ്ങിയ അസുഖങ്ങൾ ക്ക്.

### ഏതെല്ലാം മരുന്ന് കിട്ടും ?

കോർപ്പറേറ്റ് സെന്റർ Circular No.HR:IR:SPL; 387 Dated 5-12-2009 പ്രകാരം അസുഖങ്ങളുടെ ലിസ്റ്റും അതിൽ ഓരോന്നിനും എത്ര തരം മരുന്നുകൾ സ്റ്റോക്ക് ചെയ്യാമെന്ന് പറയുന്നുണ്ട് .

### എത്ര മാസത്തേക്കുള്ള മരുന്ന് ലഭിക്കും ?

2 മുതൽ 3 മാസം വരെ സ്റ്റോക്കിന്റെ നിലവാരം അനുസരിച്ചു മരുന്ന് ലഭിക്കും

### മരുന്ന് വാങ്ങാൻ എന്തെല്ലാം രേഖകൾ വേണം?

1) ബാങ്ക് ഇഷ്യൂ ചെയ്യുന്ന ജീവിത പങ്കാളിയുടെ ഫോട്ടോ സഹിതമുള്ള പെൻഷണർ ഐഡി കാർഡ്.
2) അടുത്ത കാലത്തു ഡോക്ടർ തന്ന കുറിപ്പടി.

### എസ്.ബി.ഐ.യുടെ ഏത് ഡിസ്പെൻസറിയിൽ നിന്നും മരുന്ന് വാങ്ങിക്കാമോ ?

ഏത് ഡിസ്പെന്സറിയിൽ നിന്നും വാങ്ങിക്കാമെങ്കിലും നിരുത്സാപ്പെടുത്തുന്നു. .കഴിവതും നമുക്ക് അനുവദിച്ചരിക്കുന്ന ഡിസ്പെന്സറിയിൽ പോകുക. കാരണം ചില കേന്ദ്രങ്ങളിലുള്ള ഡിസ്പെൻസറിയിൽ കൂടുതൽ ആളുകൾ ചെന്നാൽ അവിടെ തിരക്ക് കൂടും. ബുദ്ധിമുട്ടാകും .

### ഇൻസുലിൻ കിട്ടുമോ ?

നാല് ടൈപ്പ് അനുവദിച്ചിട്ടുണ്ട് , കാട്രിഡ്ജ് കൊടുക്കാറില്ല

### ലാബ് ടെസ്റ്റുകൾ.

ബാങ്കുമായി കരാറുള്ള (tie up) ലാബുകളിൽ പാത്തോളജി, റേഡിയോളജി ലാബ് ടെസ്റ്റുകൾ സൗജന്യം ആയിട്ട് നടത്താം .

### ഏതൊക്ക ലാബുകളിൽ ടെസ്റ്റ് നടത്താം ?

DDRC യുടെ കേരളം മുഴുവനും ഉള്ള ലാബുകളിൽ ടെസ്റ്റ് ചെയ്യുന്നതാണ് .

### ഏതെല്ലാം ടെസ്റ്റുകൾ നടത്താം ?

**ലാബ് ടെസ്റ്റ് നടത്തുന്നതിന് എന്തൊക്ക ചെയ്യണം ?**

രണ്ട് കാര്യങ്ങൾ
1) നമ്മളെ ചികിൽസിക്കുന്ന ഡോക്ടർ എഴുതി തരുന്ന ലാബ് ടെസ്റ്റുകളുടെ കുറിപ്പടി ബാങ്കിന്റെ മെഡിക്കൽ ഓഫീസറെ കാണിക്കുക. സാധാരണ സ്ഥിരമായി ചെയ്യുന്ന ടെസ്റ്റ്കൾക്ക് ഡോക്ടറുടെ കുറിപ്പ് ബാങ്കിന്റെ മെഡിക്കൽ ഓഫീസർ നിർബന്ധിക്കാറില്ല. 33 ഇന ടെസ്റ്റുകൾ ബാങ്ക് അനുവദിക്കുന്നുണ്ട് .

2) ബാങ്കിന്റെ ഡിസ്പെൻസറിയിലെ ഡോക്ടർ ഏതൊക്ക ടെസ്റ്റ് ചെയ്യണം എന്ന് കാണിച്ചു കൊണ്ടുള്ള ലാബ് അധികാരികൾക്ക് കൊടുക്കുന്ന ടെസ്റ്റ് നിർദേശം അടങ്ങിയ കത്ത്. ഇത് ഏത് ലാബിലേയ്ക്കാണോ കുറിച്ചിരിക്കുന്നത് അത് അവിടെ കൊടുത്തു യാതൊരു മുടക്കും ഇല്ലാതെ ടെസ്റ് നടത്തി റിസൾട്ട് വാങ്ങിക്കാൻ കഴിയും

### എത്ര പ്രാവശ്യം ലാബ് ടെസ്റ്റ് നടത്താം ?

ആവശ്യം വരുമ്പോൾ ഒക്കെ നടത്താം. ബാങ്ക് കാലാവധി പറയുന്നില്ലെങ്കിലും സാധാരണ സ്ഥിരമായി ചെയ്യുന്ന (routine) ടെസ്റ്റുകൾ 3/6 മാസത്തിലൊരിക്കലോ ആയിരിക്കുമല്ലോ ?

**ബാങ്കിന്റെ ഡിസ്പെൻസറിയിൽ നിന്ന് വാങ്ങിക്കുന്ന മരുന്നിനും ലാബുകളിൽ നടത്തുന്ന ടെസ്റ്റുകൾക്കും എന്തെങ്കിലും പണം ചിലവുണ്ടോ?**

അത് രണ്ടും സൗജന്യം ആണ്. ബാങ്കിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗം ആണ്.

ആശുപത്രികളിൽ ബാങ്ക് റിസർവ് ചെയ്തിട്ടുള്ള കിടക്കകൾ റിട്ടയേർഡ് എംപ്ലോയീസിന് വിരമിച്ച ശേഷവും ലഭ്യമാണ്.

## ബാങ്ക് ഹോളിഡേ ഹോമുകൾ

ഹൊളിഡേ ഹോം സൗകര്യം റിട്ടയേർഡ് എംപ്ലോയീസിന് സർവീസിലുണ്ടായിരുന്നപ്പോളത്തെ വ്യവസ്ഥകൾക്ക് വിധേയമായി വിരമിച്ച ശേഷവും ലഭ്യമാണ്. കൂടാതെ സന്ദർശക ഓഫീസർമാരുടെ ഫ്ലാറ്റ് , ട്രാൻസിറ്റ് വീടുകൾ, എന്നിവ ലഭ്യമായിടത്തെല്ലാം ട്രാൻസിറ്റ് ഹൗസുകളിലെ താമസസൗകര്യത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി, വിരമിച്ച ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കാം.

## കാന്റീൻ സൗകര്യങ്ങൾ

ജീവനക്കാരുടെ കാന്റീൻ സ്ഥാപിക്കുന്നിടത്തെല്ലാം റിട്ടയേർ ചെയ്ത ജീവനക്കാർക്ക് സജീവ സേവനത്തിലുള്ള ജീവനക്കാർക്ക് ബാധകമാകുന്നതുപോലെ ഉപയോഗിക്കാവുന്നതാണ്.

## നിക്ഷേപങ്ങൾക്കുള്ള പലിശ:

റിട്ടയേർഡ് ജീവനക്കാർക്ക് അവരുടെ നിക്ഷേപങ്ങൾക്ക് മുൻഗണനാ നിരക്കിലുള്ള ആനുകൂല്യങ്ങൾ സജീവ സേവനത്തിലുള്ള ജീവനക്കാർക്ക് ബാധകമാകുന്നതുപോലെ തുല്യമായ പലിശ ലഭിക്കും. കുടുംബാംഗം: പെൻഷനറുടെ ഭാര്യ/ഭർത്താവ്, അവിവാഹിതയായ മകൾ, മകൻ, മരുമകൾ എന്നിവരുടെ ഡെപ്പോസിറ്റ് അക്കൗണ്ട് പെൻഷനറുമായി സംയുക്തമായി മുൻഗണനാ നിരക്കിലുള്ള ആനുകൂല്യങ്ങൾ സഹിതം തുറക്കാൻ കഴിയും.

## അഡ്വാൻസുകളുടെ പലിശ

നിർദ്ദിഷ്ട സെക്യൂരിറ്റികൾക്കെതിരെ ബാങ്കിന്റെ പെൻഷൻകാർക്ക് നൽകുന്ന അഡ്വാൻസുകളുടെ പലിശ നിരക്ക് സേവനത്തിലുള്ള ജീവനക്കാരുടേതിന് തുല്യമായിരിക്കും. നിക്ഷേപങ്ങൾ ഈടായി സ്വീകരിച്ച് പെൻഷൻകാർക്ക് നല്കുന്ന വായ്പകളുടെ പലിശ നിരക്ക് സേവനത്തിലുള്ള ജീവനക്കാർക്ക് ഈടാക്കുന്ന പലിശയ്ക്ക് തുല്യമായിരിക്കും.

## എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ

# കാസർഗോഡ് ജില്ലാ വാർഷിക പൊതുയോഗം

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ കാസർഗോഡ് ജില്ലാ കേന്ദ്രത്തിന്റെ വാർഷിക പൊതുയോഗം കാഞ്ഞങ്ങാട്ട് ബേക്കൽ ക്ലബിൽ വെച്ച് സെപ്റ്റംബർ മാസം 28-ാം തിയതി നടന്നു. അംഗങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി മാറിയ ജനറൽ ബോഡി യോഗം ജില്ലാ പ്രസിഡന്റ് ശ്രീ.കെ.എൽ. കുമാറിന്റെ അദ്ധ്യക്ഷതയിൽ രാവിലെ 10.00 മണിക്ക് ആരംഭിച്ചു. ജില്ലാ ട്രഷറർ എം..കൃഷ്ണൻ മുഴുവൻ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.




ജില്ലാ ട്രഷറർ ശ്രീ. എം.കൃഷ്ണൻ സന്നിഹിതരായ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു സ്വംസാരിക്കുന്നു

കൃഷ്ണൻ പത്താനത്ത് അനുശോചന കുറിപ്പ് വായിക്കുകയും റിപ്പോർട്ട് കാലയളവിൽ നിര്യാതരായ അംഗങ്ങളെ അനുസ്മരിക്കുകയും അനുശോചനം രേഖപ്പെടുത്തി ആദര സൂചകമായി രണ്ട് മിനിട്ട് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു.. പുതുതായി സംഘടനയിൽ അംഗത്വം സ്വീകരിച്ച മെമ്പർന്മാരെ ശ്രീ..എം.ഗോപാലൻ അംഗങ്ങൾക്ക് പരിചയപ്പെടുത്തി



സദസ്സിന്റെ ഒരു വീക്ഷണം

ജില്ലാ സെക്രട്ടറി .എം.വിജയൻ റിപ്പോർട്ട് അവതരിപ്പിച്ചു. വിശദമായ ചർച്ചയ്ക്ക് ശേഷം റിപ്പോർട്ട് ഏകകണ്ഠമായി അംഗീകരിച്ചു.



കാസർഗോഡ് ജില്ലാ സെക്രട്ടറി എം.വിജയൻ സ്വംസാരിക്കുന്നു

ജനറൽ ബോഡി യോഗത്തിൽ റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥൻ .വി.കുഞ്ഞിക്കണ്ണൻ .IPS ആശംസാ പ്രസംഗം നടത്തി. ഡി.വൈ.എസ്.പി. സി.കെ. സുനിൽ കുമാർ വിശ്രമജീവിതം എങ്ങനെ ആനന്ദകരമാക്കാം. എന്നതിനെ പ്പറ്റി പ്രഭാഷണം നടത്തി. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി അന്ധകാരത്തിലകപ്പെട്ട് ഉഴലുന്ന പുതുതലമുറയ്ക്ക് വഴികാട്ടിയായി സമൂഹത്തിന്റെ കണ്ണടയായി പ്രവർത്തിക്കാൻ കഴിയട്ടെയെന്ന് അദ്ദേഹം തന്റെ ആശംസാ പ്രസംഗത്തിൽ പറഞ്ഞു.




.കാസർഗോഡ് ജില്ലാ ട്രഷറാർ ശ്രീ.എം.കൃഷ്ണന്റെ മകൾ നിമിഷ വിനേഷ് താൻ ഓമനിച്ച് വളർത്തിയ നീണ്ട മുടി ക്യാൻസർ രോഗികൾക്കായി ദാനം ചെയ്ത മാതൃകാപരമായ പ്രവർത്തനത്തിന് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ ബോഡി യോഗത്തിൽ ഉപഹാരം നൽകി ആദരിച്ചു..



റിട്ടയേർഡ് ഐ.പി.എസ്.ഉദ്യോഗസ്ഥൻ .വി.കുഞ്ഞിക്കണ്ണൻ ശ്രിമതി..നിമിഷ വിനേഷിനെ ഉപഹാരം നൽകി അഭിനന്ദിക്കുന്നു

ബാങ്ക് പെൻഷൻ പുതുക്കി നിശ്ചയിക്കുക, കാസർഗോഡ് ജില്ലയിലെ യാത്രാക്ലേശം പരിഹരിക്കുക, പരശുറാം എക്സ്പ്രസ്സിന് ചെറുവത്തൂരിൽ സ്റ്റോപ്പ് അനുവദിക്കുക, ട്രെയിനുകൾക്ക് നിർത്തലാക്കിയ സ്റ്റോപ്പുകൾ ഉടൻ അനുവദിക്കുക, കോവിഡ്-19 മൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള സർക്കാർ സഹായ പദ്ധതി തുക വർദ്ധിപ്പിച്ച് ഉടൻ നടപ്പാക്കുക, AIIMS എയിംസ് കാസർഗോഡ് ജില്ലയ്ക്ക് തന്നെ അനുവദിക്കുക, തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാൻ അതാത് മേഖലകളിലെ അധികാരികൾക്ക് നിവേദനം നല്കാൻ യോഗം തീരുമാനിച്ചു. റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥൻ .വി.കുഞ്ഞിക്കണ്ണൻ. IPS, ശ്രീ. എം.ഗോപാലൻ, രവീന്ദ്രൻ നായർ, ഇ.പി.ജേക്കബ്ബ് എന്നിവരും അംഗങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. റ്റി.വി.കൃഷ്ണൻ നന്ദി പ്രകാശിപ്പിച്ചു.



കാസർഗോഡ് ജില്ലാ പൊതുയോഗത്തിൽ സംബന്ധിക്കുന്ന അംഗങ്ങളുടെ സദസ്സിന്റെ ഒരു വീക്ഷണം




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലാ പൊതുയോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു സംസാരിക്കുന്ന. കാസർഗോഡ് ജില്ലാ സെക്രട്ടറി എം.വിജയൻ.




അന്താരാഷ്ട്ര വൃദ്ധദിനം ഒക്ടോബർ 1ന്

കവിത...

## എന്നുവരും നീ ....
## എന്നുവരും?



റൈസ ബീഗം

മിഴികൾ രണ്ടും
നനഞ്ഞൊഴികിടുന്നു
മിഴിക്കോണുകളിലൂടവൾ കണ്ടു
ഒഴിഞ്ഞ ചെമ്മണ്
പാതയോരങ്ങളും
ആലോലമാടിയെത്തുന്ന
കാറ്റിലിളകും തെങ്ങോലകളും
എന്തിനോ വേണ്ടി തിരയുന്നു
മനവും
കൊച്ചടിവെച്ചെത്തുന്ന പാദങ്ങളോ
കൊഞ്ചി കൊഞ്ചി പറയുന്ന
കളമൊഴികളോ
മണ്ണുപുരണ്ട
ഉടയാടകളോടെയോടിയെത്തുന്നു
വോ
മഴച്ചാറ്റലേറ്റു നനഞ്ഞു വിളറിയ
പൊന്നോമനമുഖമോ
എത്ര നാളായി കാത്തിരിക്കുന്നു
തങ്കമേ
ഹൃദയത്തിലൊളിപ്പിച്ച
സങ്കടക്കടലുകൾ
ഇനിയെന്നു കാണും ഞാനെൻ
കൊച്ചു പൈതലിനെ
കടലിനക്കരെ പോകാൻ ടാറ്റാ തന്ന
കുഞ്ഞിക്കൈകൾ
വളർന്നു വലുതായോ പൊന്മകനേ
മണ്ണപ്പം ചുട്ടു കളിക്കണ്ടേ നമുക്ക്
മുറ്റത്തെ പൂഴിയിൽ കുഴിയാനയെ
തിരയണ്ടേ
പൂത്തുമ്പിയുടെ പുറകെ ഓടണ്ടേ
നമുക്ക്
ആന കളിക്കണ്ടേ മുത്തശ്ശന്റെ
തോളിൽ...
എന്നു വരും നീ എന്നുവരും?

## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ
## ഇൻകം ടാക്സ് ഹെൽപ് ഡെസ്ക്

ആദായനികുതി സംബന്ധമായ സംശയങ്ങൾക്ക് ,
നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കോട്ടയത്ത്
നമ്മുടെ മെമ്പർമാരായ
ശ്രീ പുന്നൂസ് .എസ്



ശ്രീ.പുന്നൂസ്.എസ്.
Mob No 9447364228
പാലായിൽ



ശ്രീ വികെ പ്രഭാകരൻ
Mob 94473 56444
ഇവരുടെ സൗജന്യ സേവനം ലഭ്യമാണ്
കൂടാതെ
ഇൻകം ടാക്സ് വിദഗ്ദ്ധൻ
ശ്രീ അശോക് കുമാർ, കോഴ
ഓഫീസ് കണക്കാരിയൽ
MOB NOS /94464 76062/
94962 15100
( പ്രവർത്തകർക്ക് ഫീസ് ഇളവ് നല്കും )

## പെൻഷൻ
## ഹെൽപ് ഡെസ്ക്

എനിക്ക് കിട്ടുന്ന പെൻഷൻ ശരിയാണോ ?

1) അവസാനം ലഭിച്ച സാലറി സ്ലിപ്പ്
2).പെൻഷൻ പേയ്മെന്റ് ഓർഡർ, പെൻഷൻ കണക്കാക്കിയ ഗണനാ ഷീറ്റ് ഉൾപ്പെടെയുള്ള രേഖകളുടെ കോപ്പികൾ ഓർഡിനറി പോസ്റ്റിൽ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ അയക്കുക. അവ കിട്ടി കഴിഞ്ഞാൽ കിട്ടിയ വിവരം അറിയിക്കുകയും ചെയ്യും, പരിശോധിച്ചശേഷം വാട്ട്സാപ്പ് വഴിയോ ഫോണിലൂടെയോ വിവരം അറിയിക്കും .
മൊബൈൽ / വാട്ട്സാപ്പ് നമ്പർ കാണിച്ചിരിക്കണം
അയക്കേണ്ട മേൽവിലാസം

To
Sri Ramanarayanan N P,Aathira, Near Vivek Nagar Colony,
PALLIKUNNU P.O., KANNUR - 670004.
(Mob. 8301051292)

എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് ഭരണ സമിതി യോഗം 2021 ഒക്ടോബർ മാസം 8-ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ്, ഡി.ജി.എസ്, എന്നിവരുൾപ്പടെ 14 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.



അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ,




ഗൂഗിൾ മീറ്റിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

കഴിഞ്ഞ യോഗത്തിന് ശേഷം നമ്മുടെ സംഘടനയിൽ അംഗങ്ങളായവരുടെ കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും ദേഹവിയോഗത്തിൽ യോഗം ദു:ഖം രേഖപ്പെടുത്തുകയും പരേതരുടെ ആത്മശാന്തിക്കായി ഒരു മിനിട്ട് പ്രാർത്ഥനയോടെ മൗനമാചരിക്കയും ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ യോഗത്തിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു. ഓൺ ലൈൻ മീറ്റിംഗുകൾ സമയത്തിന് ആരംഭിക്കത്തക്ക വിധം എല്ലാവരും നേരത്തെ തന്നെ സൈൻ ഇൻ ചെയ്യണമെന്നും യോഗത്തിന്റെ അജ കണക്കുകളോ ടൊപ്പം മുൻകൂട്ടി പ്രകാശനം ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ട യ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങ ളിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നല്കി. അംഗങ്ങളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് പരിഹാരങ്ങൾ നിർദ്ദേശിച്ചു.
കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരി പ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.




ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

ഓാഗസ്റ്റ് മാസം 31 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ജില്ലാ ട്രഷറാർ ശ്രീ.തോമസ് ഫിലിപ്പ്, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

തുടർന്ന് പാലാ യൂണിറ്റിന് വേണ്ടി ഏരിയാക്കമ്മറ്റി ജോയിന്റ് കൺവീനർ ശ്രീ. അനിൽ കുമാർ, വൈക്കം യൂണിറ്റിന് വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ. സി.പി.മാത്യു എക്സിക്യൂട്ടിവ് കമ്മറ്റി അംഗം ശ്രീ. എം.പി. പുഷ്ക്കരൻ എന്നിവരും, കൺവീനർ കെ.എൻ. വിശ്വനാഥൻ നായർ, ത്രേസ്യാമ്മ ആന്റണി എന്നിവർ കോട്ടയം-1, കോട്ടയം-2, യൂണിറ്റികൾക്കു വേണ്ടിയും, ജോയിന്റ് കൺവീനർ ശ്രീ.പി.ഉണ്ണിക്കുഞ്ഞ്, ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, കൺവീനർ കെ.വി.ജോർജ്ജ്, ജായിന്റ് കൺവീനർ കെ. കെ.പാപ്പച്ചൻ എന്നിവർ കാഞ്ഞിരപ്പള്ളി യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

ഏറ്റുമാനൂർ ഏരിയാക്കമ്മറ്റി കൺവീനർ ശ്രീ. സി.പി. മാത്യു നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 12 മണിയോടെ അവസാനിച്ചു.




# പാൻഡോറാ രേഖകൾ




## എന്താണ് പാൻഡോറാ രേഖകൾ?

**പാൻഡോറാ രേഖകൾ**

**അതി സമ്പന്നരും അധികാര സ്ഥാനത്തിരിക്കുന്നവരും മത നേതാക്കളും രാജകുടുംബാംഗങ്ങളും യശസ്വികളായ പ്രസിദ്ധ വ്യക്തികളും, വിദേശത്തു സമ്പാദിച്ചു കൂട്ടിയതിന്റെ രേഖാമൂലമുള്ള തെളിവാണ് ''പാൻഡൊറാ രേഖകൾ''**

രേഖകളിൽ ആരെല്ലാം 90 രാജ്യങ്ങളിലെ 330 രാഷ്ട്രീയക്കാർ ഫോബ്സ് പട്ടികയിലുള്ള 130 കോടീശ്വരർ, സെലിബ്രിറ്റികൾ മതനേതാക്കൾ. ലഹരി ഇടപാടുകാർ എന്നിവരൊക്കെയാണ് ഈ രേഖകളിൽ.

പുറത്തുകൊണ്ടുവന്നത് ഇൻറർനാഷണൽ കൺസോർഷ്യം ഓഫ് ഇൻവെസ്റ്റിഗേറ്റീവ് ജേണലിസ്റ്റ് ( ഐ.സി.ഐ. ജെ ) എന്ന സംഘടനയാണ്.. 117 രാജ്യങ്ങളിലെ 150 മാധ്യമ സ്ഥാപനങ്ങളിലെ അറുന്നൂറിലേറെ ജേണലിസ്റ്റുകൾ അന്വേഷണത്തിൽ പങ്കാളികളായി. ഇന്ത്യയിലെ പങ്കാളി "ഇന്ത്യൻ എക്സ്പ്രസ്". ഐ.സി.ഐ.യുടെ ഏറ്റവും വിപുലമായ അന്വേഷണം. അന്വേഷിക്കാനെടുത്തത് ഒരുവർഷം . രേഖകളിലുള്ളത് വിദേശത്ത് സ്ഥാപിച്ചിട്ടുള്ള 29,000 കമ്പനികളുടെ (ഓഫ് ഷോർ കമ്പനികൾ ) വിവരങ്ങൾ പണത്തിന്റെയും സ്വത്തിന്റെയും ഉടമസ്ഥരാണെന്ന് മറച്ചുവെക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സാധാരണ ഇത്തരം കമ്പനികളുണ്ടാക്കുന്നത് . മൂന്നുതരം പ്രദേശങ്ങളിലാണ് ഇവ സ്ഥാപിക്കുക

1. കമ്പനികൾ എളുപ്പത്തിൽ സ്ഥാപിക്കാവുന്നവ ..
2. കമ്പനികളുടെ ഉടമസ്ഥരാരെന്ന് തിരിച്ചറിയുക പ്രയാസമാക്കുന്ന നിയമങ്ങളുള്ളവ .
3. നികുതി തീരേ കുറഞ്ഞതോ ഇല്ലാത്തതോ ആയവ .

കെ സ്മെൻ ഐലൻഡ്സ് , ബ്രിട്ടീഷ് വെർജിൻ ഐലൻഡ്സ് , സ്വിറ്റ്സർലൻഡ്, സിങ്കപ്പൂർ, ഹോങ്കോങ്, ബെലിസ് തുടങ്ങിയവ ഇതിലുൾപ്പെടും .

രഹസ്യനിക്ഷേപത്തിന് സഹായിക്കുന്ന ഇത്തരം കമ്പനികളും ട്രസ്റ്റുകളും ഉണ്ടാക്കാനും നടത്തിക്കൊണ്ടു പോകാനും സഹായിക്കുന്ന 14 ധനകാര്യ നിയമ സ്ഥാപനങ്ങളിൽനിന്ന് ചോർത്തിയ 1,19,03,676 രേഖകൾ വിശദമായി പരിശോധിച്ചു . ആകെ 2.94 ടെറാബൈറ്റ് ഡേറ്റ! 1996 മുതൽ 2020 വരെ സ്ഥാപിച്ച കമ്പനികളുടെ വിവരങ്ങളാണിവ .

## വിദേശത്ത് നിക്ഷേപിക്കൽ എളുപ്പമോ?

നിക്ഷേപങ്ങളുടെയും നിക്ഷേപകരുടെയും വിവരം അതിരഹസ്യമാക്കി വെക്കുന്ന ഏതെങ്കിലും രാജ്യത്ത് ഒരു കടലാസ് കമ്പനി തുടങ്ങുകയാണ് ആകെ വേണ്ടത് കടലാസ് കമ്പനിയെന്നാൽ പേരുമാത്രമേയുണ്ടാകൂ. ഓഫീസോ ജീവന ക്കാരോ ഉണ്ടാവില്ലെന്നുസാരം. ഇങ്ങനെ കമ്പനി തുടങ്ങാൻ പക്ഷേ, പണമെറിയണം . ഇവ സ്ഥാപിക്കുന്നതിനും പണം മുടക്കുന്നയാൾക്കായി നടത്തിക്കൊണ്ടു പോകുന്നതിനും മാത്രമായി സ്ഥാപനങ്ങളുണ്ട്.

## വിദേശത്ത് ഒളിപ്പിച്ചത് എത്രപണം?

ഇതിന്റെ കൃത്യമായ കണക്കെടുപ്പ് അസാധ്യം . എന്നാൽ , 5.6 ലക്ഷം കോടി ഡോളർ (417 ലക്ഷം കോടി രൂപ) മുതൽ 32 ലക്ഷം കോടി ഡോളർ (2383.42 ലക്ഷം കോടിരൂപ) വരെയുണ്ടാകാം എന്നാണ് ഐ.സി.ഐ.ജെയുടെ വിലയി രുത്തൽ.

## ഇന്ത്യക്കാർ 380

പാൻഡൊറ രേഖകളിൽ പേരുള്ള 380 ഇന്ത്യക്കാരിൽ 60 പേരുടെ വിവര കണ്ടെത്തിയെന്ന് ഇന്ത്യൻ എക്സ്പ്രസ്. ഇതുവരെ പുറത്തുവിട്ട പേരുകളിൽ സച്ചിൻ തെണ്ടുൽക്കർ, ക്രിക്കറ്റ് താരം, രാജ്യസഭ മുൻ എം.പി.)



സച്ചിൻ തെണ്ടുൽക്കർ

ഔഷധ നിർമ്മാണ കമ്പനിയായ ബയോ കോണിന്റെ പ്രൊമോട്ടർ കിരൺ മംജുംദാർ, , കമ്പനിയുടെ ഉടമ ലളിത് ഖൈതാൻ, അഭിഷേക് ഖൈതാൻ, റാഡിക്കൊ ഖൈതാൻ, കോർപ്പറേറ്റ് ഇടനിലക്കാരി നീരാ റാഡിയ,



നീരാ റാഡിയ

ബോളിവുഡ് നടൻ ജാക്കി ഷ്റോഫ്, വ്യസായി വിനോദ് അദാനി, , അധോലോക കുറ്റവാളി ഇക്ബാൽ മിർച്ചി, നീരവ് മോദിയുടെ സഹോദരി വ്യവസായി പൂർവി മോദി, വ്യവസായി, സമീർ ഥാപ്പർ, മുൻകേന്ദ്രമന്ത്രി സതീഷ് ശർമ , ലഫ്. ജനറൽ (റിട്ട) രാകേഷ് കുമാർ മുംബ. എന്നിവർ ഉൾപ്പെടുന്നു.

# 18,000 കടന്ന് നിഫ്റ്റി;

ഇന്ത്യൻ ഓഹരിവിപണി വീണ്ടും പുതിയ ഉയരം കുറിച്ചു. 18,000 പോയന്റിനു മുകളിൽ ക്ലോസ് ചെയ്ത് നിഫ്റ്റി ആദ്യമായി 18,000 പോയൻറിനു മുകളിൽ ക്ലോസ് ചെയ്ത് ദേശീയ ഓഹരിസൂചികയായ നിഫ്റ്റി തുടർച്ചയായ അഞ്ചാം ദിവസവും മുന്നേറി സൂചികകൾ വീണ്ടും പുതിയ ഉയരം കണ്ടെത്തി. ബോംബെ ഓഹരി സൂചിക യായ സെൻസെക്സ് 452.74 പോയൻറു കയറി 60,797,06 പോയൻറിലും നിഫ്റ്റി 169.80 പോയൻറ് ഉയർന്ന് 18,161.75 പോയൻറിലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. ഇതിനിട യിൽ സെൻസെക്സ് 60,967.05 പോയൻറലും നിഫ്റ്റി 18,197.80 പോയൻറിലും പുതിയ ഉയരം കുറിച്ചു. ഇതോടെ വിപണിയിൽ ലിസ്റ്റുചെയ്ത കമ്പനികളുടെ ആകെ വിപണിമൂല്യം 270.73 ലക്ഷം കോടി രൂപയായി ഉയർന്നു . സെപ്റ്റംബറിലെ പണപ്പെരുപ്പം 4.35 ശതമാനമായി കുറഞ്ഞതും ഇന്ത്യയുടെ 2021 - ലെ വളർച്ചനിരക്ക് 9.5 ശതമാനമായിരിക്കുമെന്ന അന്താരാഷ്ട്ര നാണയനിധിയുടെ റിപ്പോർട്ടുമാണ് ചൊവ്വാഴ്ച വിപണിക്ക് കുതിപ്പേകിയത് .

രണ്ടാം പാദഫലം വിപണിയുടെ പ്രതീക്ഷയിലേക്കു വരാതിരുന്നതിനെ തുടർന്ന് ഐ.ടി. കമ്പനിയായ ടി.സി.എസിന്റെ ഓഹരിവില 63 ശത മാനം ഇടിഞ്ഞു . 24880 രൂപയുടെ നഷ്ടവുമായി 3,686.50 രൂപയിലാണ് ടി.സി. എസ് . വ്യാപാരം അവസാനിപ്പിച്ചത് . ഇൻഫോസിസ്, ടെക് മഹീന്ദ്ര, എച്ച്.സി.എൽ. തുടങ്ങിയ വയും നഷ്ടം നേരിട്ടു . അതേസമയം, ടാറ്റ മോട്ടോഴ്സ് 8.5 ശതമാനവും എസ്.ബി.ഐ. 2.51 ശതമാനവും നേട്ടമുണ്ടാക്കി

# എസ്.ബി.ഐ. ഓഹരിവില പുതിയ ഉയരം കുറിച്ചു

ഓഹരി നിലവാരം ഉയർന്നതോടെ എസ്.ബി.ഐ. ഓഹരിവിലയും ഉയർന്നു. 2021 ഓക്ടോബർ 35ന് വ്യാപാരം അവസാനിക്കുമ്പോൾ 516.60 എന്ന ഉയർന്ന നിലയിലെത്തി. എന്നാൽ മാസാവസാനത്തോടെ നിരക്കുകൾ കുറഞ്ഞ് 502.40 ലേയ്ക്ക് താണു.

# എകെ ഗോയൽ ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെ പുതിയ ചെയർമാൻ




എകെ ഗോയൽ

2021 ഒക്ടോബർ 14 -ന് നടന്ന IBA യുടെ മാനേജിംഗ് കമ്മിറ്റി UCO ബാങ്ക് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സി ക്യൂട്ടീവും (MD & CEO), എകെ ഗോയലിനെ ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെ 2021-22 ലെ പുതിയ ചെയർമാനായി തിരഞ്ഞെടുത്തു. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എംഡിയും സിഇഒയുമായ രാജ്കിരൺ റായ് ജിക്ക് ശേഷം അദ്ദേഹം അസോസിയേഷന്റെ ചെയർമാനായി അധികാര മേറ്റു.

അസോസിയേഷൻ ഡെപ്യൂട്ടി ചെയർമാൻമാരായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെയർമാൻ ദിനേശ് കുമാർ ഖാര, കനറാ ബാങ്ക് എംഡി & സിഇഒ എൽ വി പ്രഭാകർ, ഐഡിബിഐ ബാങ്ക് ലിമിറ്റഡ് എംഡി & സിഇഒ രാകേഷ് ശർമ്മ എന്നിവ രേയും തിരഞ്ഞെടുത്തു. ബാങ്ക് ബോർഡ് ബ്യൂറോ (ബി.ബി . ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ (പിഎൻബി) മാനേജിംഗ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് സ്ഥാനത്തേ ക്ക് ഗോയലിന്റെ പേര് ശുപാർശ ചെയ്തു.

# പണപ്പെരുപ്പം കുറഞ്ഞു

## വ്യവസായ മേഖലയിൽ വളർച്ച

കൊച്ചി ഉപഭോക്തൃ വില സൂചിക ( സി.പി.ഐ. ) അടി സ്ഥാനമാക്കിയുള്ള ഇന്ത്യയുടെ പണപ്പെരുപ്പം സെപ്റ്റംബ റിൽ 4.35 ശതമാനമായി കുറഞ്ഞു . നടപ്പുവർഷം ഏപ്രിൽ മുതലുള്ള കാലയളവിലെ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്കാണിത് .

ഓഗസ്റ്റിൽ 5.30 ശതമാനമായിരുന്നു പണപ്പെരുപ്പം. ഭക്ഷണ സാധനങ്ങളുടെ വിലക്കയറ്റം മയപ്പെട്ടതാണ് പണപ്പെരുപ്പം കുറ യാനിടയാക്കിയത്. ഭക്ഷ്യ വിഭാഗത്തിലെ വിലക്കയറ്റം ഓഗസ്റ്റിലെ 23.11 ശതമാനത്തെ അപേക്ഷിച്ച് സെപ്റ്റംബറിൽ 0.68 ശതമാനമായി കുറഞ്ഞു .



ഇന്ത്യയുടെ വ്യവസായ ഉത്പാദനം ഓഗസ്റ്റ് മാസം 11.9 ശതമാനം ഉയർന്നിട്ടുണ്ട്. ജൂലായിൽ 11.5 ശതമാനമായിരുന്നു മേഖലയിലെ വളർച്ച .

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# എട്ടാംതവണയും നിരക്ക് മാറ്റാതെ ആർ.ബി.ഐ.

തുടർച്ചയായി എട്ടാം തവണയും പണവായ്പ നയത്തിലും അടിസ്ഥാന നിരക്കുകൾ മാറ്റമില്ലാതെ നിലനിർ ത്തി റിസർവ് ബാങ്ക്. ബാങ്കുകൾക്ക് നൽകുന്ന വായ്പയിൽ റിസർവ് ബാങ്ക് ഈടാക്കുന്ന പലിശയായ റിപ്പോനിരക്ക് നാലു ശതമാനത്തി ലും ബാങ്കുകളിൽ മിച്ചം വരുന്ന തുക നിക്ഷേപിക്കുമ്പോൾ ആർ.ബി .ഐ . നൽകുന്ന പലിശയായ റിവേഴ്സ് റിപ്പോ 3.35 ശതമാനത്തിലും തുടരുമെന്ന് ആർ. ബി. ഐ. ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. രണ്ടാം കോവിഡ് തരംഗം കഴിഞ്ഞ് സമ്പദ്വ്യവസ്ഥ തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങിയെങ്കിലും ഉൾക്കൊള്ളാവുന്നത് എന്ന നിലപാട് തുടരും. 2020 മേയ് 22 നാണ് അടിസ്ഥാന നിരക്കുകളിൽ അവസാനമായി ആർ.ബി.ഐ. മാറ്റം വരുത്തിയത്. റിപ്പോനിരക്ക് നിലനിർത്താൻ സമിതിയിലെ എല്ലാ അംഗങ്ങളും അനുകൂലിച്ചു. റിവേഴ്സ് റിപ്പോയിൽ കഴിഞ്ഞ തവണത്തേതുപോലെ പുറത്തുനിന്നുള്ള അംഗം പ്രൊഫ. ജയന്ത് ആർ. വർമ്മ മാത്രം വിയോജിപ്പു രേഖപ്പെടു ത്തി .

# സെൻട്രം - ഭാരത് സ്മോൾ ഫിനാൻസ് ബാങ്കിന് ആർ.ബി.ഐ. അനുമതി

മുംബൈ സെൻട്രം ഗ്രൂപ്പും ഭാരത് പേയും ചേർന്നുള്ള കൺസോർഷ്യം രൂപവത്കരിക്കുന്ന യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്കിന് റിസർവ് ബാങ്ക് ലൈസൻസ് അനുവദിച്ചു. എസ്.ബി.ഐ. മുൻ ചെയർമാൻ രജനീഷ് കുമാർ ഭാരത് പേ ചെയർമാനായി സ്ഥാനമേറ്റതിനു തൊട്ടു പിന്നാലെയാണ് സ്മോൾ ഫിനാൻസ് ബാങ്കിന് ആർ.ബി .ഐ

ലൈസൻസ് നൽകിയ വാർത്ത പുറത്തുവന്നത്. ഭവനനിർമാണ കമ്പനിയായ എച്ച്.ഡി.ഐ.എലിന് ക്രമം വിട്ട് വായ്പ നൽകി പ്രതിസന്ധിയിലായ പഞ്ചാബ് ആൻഡ് മഹാരാഷ്ട്ര സഹകരണ ബാങ്കിനെ (പി.എം.സി.ബാങ്ക്) ഈ കൺസോർഷ്യമാണ് ഏറ്റെടുക്കുന്നത് . ഈ കൺസോർഷ്യത്തിന്റെ താത്പര്യപത്രം സ്വീകരിച്ചതിനൊപ്പം കഴിഞ്ഞ ജൂണിൽ സ്മോൾ ഫിനാൻസ് ബാങ്ക് തുടങ്ങുന്നതിന് ആർ.ബി.ഐ. തത്ത്വത്തിൽ അനുമതി നൽകിയിരുന്നു .

# ആർ. ബി. ഐ. ഗവർണറായി ശക്തികാന്ത ദാസ് മൂന്ന് വർഷം കൂടി തുടരും



കേന്ദ്ര മന്ത്രി സഭയുടെ നിയമന കാര്യസമിതി ഒക്ടോബർ 28ന് വ്യാഴാഴ്ച വൈകി 64 കാരനായ ശക്തികാന്ത് ദാസിന്റെ കാലാവധി മൂന്നു വർഷത്തേയ്ക്ക് നീട്ടി നൽകി. കോവിഡ് കാലത്ത് ആർ. ബി. ഐ. സ്വീകരിച്ച നയങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനാണ് പുനർനിയമനം. 2018 ഡിസംബർ 12നാണ് അദ്ദേഹത്തെ റിസർവ്വ് ബാങ്ക് ഗവർണറായി നിയമിച്ചത്.

# ഒരു ആസ്ട്രേലിയൻ യാത്ര - ഭാഗം - 2

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)

ഞങ്ങൾ വിക്ടോറിയ സംസ്ഥാനത്ത് മെൽബണിലാണ് താമസം. വിക്ടോറിയ സംസ്ഥാനം ' The Education State ' എന്നാണ് അറിയപ്പെടുന്നത്. പ്രശസ്തമായ യൂണിവേഴ്സിറ്റികൾ ഉള്ളതിനാലായിരിക്കാം. ഇന്ത്യയിൽ നിന്നും പഠനത്തിനുവരുന്നവരിൽ കൂടുതൽ പേരും മെൽബണിൽ ആണ് എത്തുന്നത്. എല്ലാ സംസ്ഥാനങ്ങളിലും പ്രശസ്ത യൂണിവേഴ്സിറ്റികൾ ഉണ്ട്.



കെ.എൻ. വിശ്വനാഥൻ നായർ,
കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്

കുഞ്ഞിനെ ലാളിച്ചും, കളിചിരികണ്ടു രസിച്ചും ദിവസങ്ങൾ വളരെവേഗം കടന്നുപൊയ്ക്കൊണ്ടിരുന്നു. ഇതിനിടയിൽ ഭാര്യയുടെ ജന്മദിനം കേക്ക്മുറിക്കലും, സദ്യയും ഒക്കെ സഹിതം ആഘോഷമാക്കിയിരുന്നു. മോന് ശനിയും, ഞായറും അവധി ദിവസങ്ങളാകയാൽ അന്നേദിവസങ്ങൾ അടുത്തുള്ള വിനോദ സഞ്ചാര സ്ഥലങ്ങൾ സന്ദർശിക്കുവാൻ പോയിരുന്നു. ക്രിസ്തുമസ് അവധി എത്തി, മോൻ കുറച്ചു ദിവസം സ്വസ്ഥം.

അതുകൊണ്ട് 200 കി.മീ. ൽ അധികം ദൂരം വരുന്ന രണ്ടു വ്യത്യസ്ത സ്ഥലങ്ങൾ സന്ദർശിക്കുവാനായി സാധിച്ചു. ആദ്യദിവസം 'ഫിലിപ്പ് അയലന്റ്' കാണുന്നതിനായി പോയി. അവിടം പെൻഗ്വിൻ മാർച്ചിന് പ്രസിദ്ധം. രാവിലെ മീൻ ഭക്ഷിക്കുന്നതിനായി കടലിലേക്ക് പോകുന്ന നൂറു കണക്കിനു പെൻഗ്വിനുകൾ സന്ധ്യകഴിയുമ്പോൾ ( ചിലപ്പോൾ രാത്രി 8, 9 മണിക്ക്) കടലിൽ നിന്നും കൂട്ടമായി മാർച്ച് ചെയ്ത് കയറിവരുന്ന നയനാനന്ദകരമായ കാഴ്ചകാണുവാൻ നൂറുകണക്കിനു വിനോദസഞ്ചാരികൾ ടിക്കറ്റെടുത്ത് ഗ്യാലറിയിൽ കാത്തിരിക്കും. തിരികെ വരുന്ന സമയം ഗൈഡുകൾ നേരത്തെ തന്നെ അറിയിക്കും. അതുവരെ പുറത്തെ കാഴ്ചകൾ കണ്ടു നടന്നു. അന്ന് രാത്രി 8.30 ആയപ്പോഴേക്കും, ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കൂട്ടം കൂട്ടമായി ചെറിയ പെൻഗ്വിനുകൾ കയറിവരുന്നു.



പെൻഗ്വിൻ പരേഡ്

ഏകദേശം ഒരു മണിക്കൂറിനു മുകളിൽ സമയം നീണ്ടുനിന്ന അത്ഭുതം.. അതുപോലെ തന്നെ നൂറുകണക്കിനുള്ള കൂടുകളിൽ നിന്നും, അവയുടെ സ്വന്തം താവളം (ചെരുവിലുള്ള ചെറിയ ഗുഹകൾ) തെറ്റാതെ കണ്ടെത്തുന്നുതും അത്ഭുതം തന്നെ. പെൻഗ്വിനുകളുടെ സംരക്ഷണം ഗവ: തന്നെ നടത്തുന്നു. പരുക്കുപറ്റി മടങ്ങി എത്തുന്നവയെ വാളണ്ടി

യേർസ് പ്രഥമ ശുശ്രൂഷ നൽകി പ്രത്യേകം പാർപ്പിക്കുന്നു. ചില ഗുഹകൾക്ക് പെട്ടികൾ വച്ച് സംരക്ഷണം ഒരുക്കി യിരിക്കുന്നു. മറ്റുചിലസ്ഥലങ്ങളിലും ഇവ ഉണ്ടെങ്കിലും ഇത്രയും കൂട്ടമായി എത്തുന്ന കാഴ്ച മറ്റെങ്ങും തന്നെ ഇല്ല. അങ്ങോട്ടേയ്ക്കുള്ള യാത്രയും സുഖകരം, നല്ല റോഡുകളും, നോക്കുന്നിടത്തെല്ലാം മൊട്ട കുന്നുകളും, പുൽതകിടികളും, ഫാമുകളും. മൂന്നുമണിക്കൂർ നേരത്തെ, ദൂരം അറിഞ്ഞ തേയില്ല. വീട്ടിൽ തിരികെ എത്തിയപ്പോൾ രാത്രി 11.30.

## ഗ്രേറ്റ് ഓഷ്യനിലേക്ക്.

അടുത്തദിവസം യാത്ര 250 കി.മീ. ദൂരെയുള്ള ഗ്രേറ്റ് ഓഷ്യ നിലേക്ക്. അങ്ങോട്ടേയ്ക്കുള്ള യാത്ര കൃഷിസ്ഥലങ്ങളുടേയും, കന്നുകാലികളുടേയും, ചെമ്മരിയാടുകളുടേയും ഫാമുക ളുടേയും മധ്യത്തിലൂടെയായിരുന്നു. ചെറിയ കയറ്റവും, ഇറക്കവും ഉള്ളറോഡുകൾ. ലക്ഷ്യസ്ഥലം അടുക്കാറായി, ഇരുവശങ്ങളിലും യൂക്കാലിപ്റ്റസ് മരങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്നു. മുന്നിൽ പോയസഞ്ചാരികൾ കാർ നിർത്തി ഇറങ്ങി നിൽക്കുന്നു. ഞങ്ങളും അതുകണ്ട് വണ്ടി നിർത്തി ഇറങ്ങി.

അവർ ഫോട്ടോകൾ എടുക്കുന്നതിരക്കിലാണ്, ഫോട്ടോ എടുക്കുന്ന മരത്തിലേക്ക് ഞങ്ങളും നോക്കി. ഭാഗ്യമെന്ന് പറയാം അവിടെ മരത്തിൽ കെട്ടിപ്പിടിച്ചുറങ്ങുന്ന മൂന്നുകോവാലകൾ. ആസ്ട്രേലിയക്കാരുടെ മാത്രം പൈതൃകമായ രണ്ട് ജീവികളാണ് കോവാലയും, കങ്കാരുവും.



**കോവാലകൾ യൂക്കാലിപ്റ്റസ് മരത്തിൽ**

കോവാലയെ കണ്ടുപിടിക്കുകതന്നെ പ്രയാസമുള്ള കാര്യം, കാരണം ദിവസം ഭക്ഷണത്തിനായി (യൂക്കാലിപ്റ്റസ് ഇലകൾ) മൂന്നു മണിക്കൂർ മാത്രം ഉണർന്നിരിക്കുകയും ബാക്കി മുഴുവൻ സമയവും യൂക്കാലി മരത്തിൽ തന്നെ കെട്ടിപ്പിടിച്ചിരുന്നുറങ്ങുകയും ചെയ്യുന്ന കുഴിമടിയന്മാർ.. മരത്തിൽ നിന്നും വിരളമായി മാത്രം താഴെ ഇറങ്ങുന്നവ..

ആവശ്യത്തിനു ഫോട്ടോകളെടുത്ത് യാത്ര തുടർന്നു. ഗ്രേറ്റ് ഓഷ്യനിൽ എത്തി, ടൂറിസ്റ്റുകളുടെ പറുദീസ, വിനോദ സഞ്ചാരികളുടെ മനം കവരുന്നകാഴ്ചകൾ ‘ ട്വൽവ് അപ്പോസ്തോൽസ് ‘ എന്ന പ്രകൃതിയുടെ സൃഷ്ടി വൈഭവം, കടലിൽ കാണുവാനാണ് ഈ ആൾക്കൂട്ടം എത്തിച്ചേരുന്നത്.



പന്ത്രണ്ട് പ്രവാചകർ - ഗ്രേറ്റ് ഓഷ്യൻ

തിരമാലകൾ അടിച്ചും, മണ്ണിടിഞ്ഞും പ്രകൃതി സൃഷ്ടിച്ച, കടലിൽ അചഞ്ചലമായി നിൽകുന്ന വ്യത്യസ്ഥ രൂപത്തിലും, വലുപ്പത്തിലും, ഉള്ള തൂണുകൾ ‘ പന്ത്രണ്ടു പ്രവാചകരെ ‘ അനുസ്മരിപ്പിക്കുന്നു. കടലിന്റെ ഭംഗി ആസ്വദിക്കാൻ കെട്ടിയുയർത്തിയ നടപ്പാതകൾ. കാഴ്ച ആസ്വദിക്കുവാൻ ഹെലിക്കോപ്റ്റർ സൗകര്യവുമുണ്ട്.

## ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ്



ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ്

തിരികെയുള്ള യാത്രയാണ് ആകർഷകം. ഏകദേശം 80 കി..മീ. കടൽതീരത്തു കൂടി മാത്രം, അനേകം ബീച്ചുകൾ കണ്ട് മടക്കം. ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ് എന്നാണ് ഇത് അറിയപ്പെടുന്നത്. എല്ലാ ബീച്ചിലും നല്ല ആൾക്കൂട്ടവും കാണാം, തിരക്കൊഴിഞ്ഞ സ്ഥലങ്ങൾ നോക്കി ആളുകൾ ബീച്ചുകളിൽ ഇറങ്ങുന്നു. ഞങ്ങളും മൂന്നു നാലു ബീച്ചുകളിൽ ഇറങ്ങി.. നല്ല നീലനിറമുള്ള കടൽ നീണ്ടു

പരന്നു കിടക്കുന്നു. ഇടക്കെല്ലാം ചെറിയ ചെറിയ ടൗൺ ഷിപ്പുകൾ.

നിറഞ്ഞ മനസ്സോടെ രാത്രി 8 മണിയോടെ തിരികെ വീട്ടിൽ എത്തി, ആഹാരവും കഴിച്ചു കിടന്നു, കാഴ്ചകൾ ഓരോന്നും മനസിലൂടെ മിന്നിമറയുന്നു, സാവധാനം നിദ്രയിലേക്ക് കടന്നു. (തുടരും......)

# നാളെ ആരെന്നും എന്തെന്നും ആർക്കറിയാം ..?

## കാസർഗോഡ് ജില്ലാ സെക്രട്ടറി എം.വിജയൻ അയച്ചു തന്നത്

അച്ഛയും അമ്മയും മരിച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം മക്കൾ എല്ലാവരും കൂടി അവർ ഉപയോഗിച്ചിരുന്ന പെട്ടികളും അലമാരകളും തുറന്ന് നോക്കി.. മക്കളും പേരക്കുട്ടികളും വിശേഷാവസരങ്ങളിൽ സമ്മാനിച്ച വില കൂടിയ ഷർട്ടുകളും സാരികളും, ഗൾഫിൽ നിന്ന് കൊണ്ടുവന്ന പാത്രങ്ങൾ സ്പൂണുകൾ, ബെഡ്ഷീറ്റുകൾ, അവർ ടൂറുകൾ പോയി വരുമ്പോൾ വാങ്ങിച്ച കൗതുകവസ്തുക്കൾ, അത്തറുകൾ എല്ലാം പൊട്ടിക്കാതെ അതേ പടി ഇരിക്കുന്നതാണ് കണ്ടത്.

തറവാട്ടിലെ അടുക്കളയിലെ ക്ലാവ് പിടിച്ച ഓട്ടുപാത്രങ്ങളും, ഞെളുങ്ങിയ അലുമിനിയ പാത്രങ്ങളും, ഭക്ഷണം കഴിക്കുന്ന നിറം മങ്ങിയ പ്ലേറ്റുകളും .. കിടപ്പറയിലെ നരച്ച ബെഡ്ഷീറ്റുകളുമാണ് ഇതെല്ലാം കണ്ടപ്പോൾ ഓർമ്മ വന്നത്. അതൊക്കെ എടുത്ത് ഉപയോഗിക്കാൻ പറഞ്ഞാൽ അമ്മ പറയുമായിരുന്നു.. ആരെങ്കിലും ഒന്ന് കേറി വന്നാൽ ഒരു തുള്ളി വെള്ളം എടുത്ത് കൊടുക്കാനുള്ളതാണ് അതെല്ലാം എന്ന്.

ഒരു പക്ഷേ മിക്കവാറും വീടുകളില്ലൊം ഉണ്ടായിരിക്കും ഭിത്തിയിലെ കണ്ണാടി അലമാരിയിൽ അടച്ചു സൂക്ഷിച്ചു വെച്ചിരിക്കുന്ന സെറാമിക് പാത്രങ്ങൾ. ഇതൊക്കെ ആർക്കു വേണ്ടി കാത്തു വെച്ചിരിക്കുന്നവയാണ്..?

ചെറിയ നീല പൂക്കളുള്ള മേശവിരി ആരു വരുമ്പോൾ വിരിക്കാനായി മടക്കി വെച്ചിരിക്കുന്നതാണ്..? തിളങ്ങുന്ന പാത്രങ്ങളും ഗ്ലാസ്സുകളും അനങ്ങാതെ ഇരിക്കുന്നത് ആര്ക്ക് വേണ്ടിയാണ്..? ആരു നിങ്ങളുടെ പേര് വിളിച്ചു കൊണ്ട് വീട്ടിലേക്കു കയറി വരുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്..?

ഇന്നുകൾ മറഞ്ഞു നാളെകൾ ഇനിയും വരും... ഒരു നാൾ വിചാരിച്ചതും വിചാരിക്കാത്തതുമായ അതിഥികളും വരും.. വില കൂടിയ വണ്ടികളിൽ നിങ്ങളെ കാണാൻ കൂട്ടമായി എത്തിയവരെ സ്വീകരിക്കാൻ ചലനമറ്റ നിങ്ങളുടെ ശരീരത്തിന് കഴിഞ്ഞെന്ന് വരില്ല. കാലങ്ങളായി നിങ്ങൾ വിശിഷ്ടാതിഥികൾക്കായി പൊന്നുപോലെ സൂക്ഷിച്ചു വെച്ച പാത്രങ്ങളും മേശ വിരിയും അങ്ങനെ തന്നെ ആ അലമാരിയിൽ ഇരിക്കും. സെറാമിക് കപ്പിന്റെ വക്കുകൾ പൊടി പിടിച്ചു മങ്ങും. മേശ വിരിയുടെ മടക്കിൽ മഞ്ഞ വരകൾ വീഴും. നമ്മളെക്കാൾ വലിയ അതിഥികൾ ഒന്നും വരാനില്ലായെന്നും നമ്മുടെ ജീവിതത്തെക്കാൾ വലി യ ആഘോഷം ഒന്നുമില്ലായെന്നുമുള്ള സത്യം മനസ്സിലാക്ക ണം. അനന്തമായ കാത്തിരുപ്പുകൾ എല്ലാം വ്യർത്ഥമാണ്. അതിലൂടെ നഷ്ടപ്പെടുത്തുന്നത് ദൈവം നമുക്കായി നല്കിയ വിലയേറിയ നമ്മുടെ ജീവിതമാണ്.

**കാലം ആർക്കും വേണ്ടി കാത്തു നില്ക്കുന്നില്ല.**

നിമിഷനേരം കൊണ്ട് നമ്മളൊക്കെ ഭിത്തിയിലെ ചിത്രങ്ങളായി മാറും. മാറ്റി വെച്ച നമ്മളുടെ ആശകൾ മാറി മറിഞ്ഞു പോകും. അരിഷ്ടിച്ചതും പിടിച്ചതും എന്തിനെന്ന് നമ്മൾ ചിന്തിക്കും. പക്ഷേ അപ്പോഴേക്ക് കാര്യങ്ങൾ കൈവിട്ട് പോയിരിക്കും. നമുക്ക് വേണ്ടി ചിരിക്കാനായി നമ്മളെ ഉള്ളൂ എന്നാരോർമ്മ എപ്പോഴും വേണം.. അടി കിട്ടാൻ സാധ്യതയുള്ള ദിവസം നല്ല ഉടുപ്പിടാതെ സ്കൂളിൽ പോകുന്ന കുട്ടിയെ പോലെ നമ്മൾ എന്തിനെയൊക്കെയോ പേടിച്ചു സന്തോഷം മാറ്റി വെയ്ക്കുന്നു. നാളെ വരാന് പോകുന്ന നല്ല ദിവസങ്ങൾക്ക് വേണ്ടി നമ്മൾ ഇന്ന് ചിരിക്കുന്നില്ല, കളിക്കുന്നില്ല. ഇന്നിനെക്കാൾ വലിയ ദിവസം ഇനി വരാനില്ലയെന്ന് മനസ്സിലാക്കുന്നില്ലെന്ന് മാത്രം.

ജീവിക്കാതെ നഷ്ടപ്പെടുത്തുന്ന നിമിഷങ്ങൾ എന്നന്നേയ്ക്കും ഇന്നലെകളിൽ മാഞ്ഞു പോകും. നിങ്ങൾ ഒന്നിനും വേണ്ടി കാത്തിരിക്കേണ്ട!..ഏറ്റവും നല്ല മേശ വിരിപ്പ് നിങ്ങൾക്കായി ഇന്ന് പുറത്തെടുത്തു കുടഞ്ഞു വിരിക്കൂ.കർട്ടന് വലിച്ചിടൂ.

നനയാത്ത തുണി കൊണ്ട് തുടച്ചു മിനുക്കിയ തിളങ്ങുന്ന സ്പൂണുകളും അലമാരയിലുള്ള ഏറ്റവും നല്ല പാത്രങ്ങളും അതിൽ നിരത്തൂ...സുഗന്ധം പരത്തുന്ന മെഴുകുതിരികൾ മേശമേൽ കത്തിച്ചു വെയ്ക്കൂ. നമ്മളാണ് താരം.. ഇന്നാണ് നമ്മളുടെ ഏറ്റവും വലിയ ആ ദിവസം.. നമ്മൾക്ക് സാധിക്കുന്ന പോലെ നമ്മളുടെ ഇന്നുകൾ ആഘോഷങ്ങളാക്കൂ..
പണം ദുർവ്യയം ചെയ്യണമെന്നോ കടമകൾ മറക്കണമെന്നോ അല്ല ഇതിന്റെ അർത്ഥം.. ഈ ദിവസം മുതൽ നമ്മൾക്കായി ജീവിച്ച് തുടങ്ങണം.. .ചെറു യാത്രകളും, സംഗീതവും, സിനിമയും, പുസ്തകങ്ങളുമായി നമ്മൾക്ക് വേണ്ടി മാത്രം ഒരു ലോകം തീർക്കണം. ഒരു പക്ഷേ ജീവിതാന്ത്യത്തിൽ ഓർക്കാൻ ഇങ്ങനെ കുറച്ച് ഓർമ്മകൾ മാത്രമായിരിക്കാം കൂടെയുണ്ടാവുക.

ഒരു ചായ കൂടുതൽ കുടിക്കൂ..
ഒരു ചിരി കൂടുതൽ ചിരിക്കൂ...
നരകൾവന്നോട്ടെ...
മുട്ട് വേദനിച്ചോട്ടെ...
ആഘോഷമായി നമുക്ക് മുന്നോട്ടു പോകാം..
ഒരു ജീവിതമല്ലേയുള്ളൂ..?
വരും ദിവസങ്ങളും കൂടുതൽ മനോഹരമാകട്ടെ.

നമ്മളുടെ ജീവിതത്തിലെ ഏറ്റവും വലിയ അതിഥി നമ്മൾ തന്നെയാണ് എന്ന സത്യം മനസ്സിലാക്കി ഈ ജീവിതത്തിലെ ഓരോ ദിവസവും ആസ്വദിച്ച് കൊണ്ടു തന്നെ മരണം വരെ ജീവിക്കൂ.. കാലം ഒരിക്കലും ആരെയും കാത്ത് നില്ക്കില്ല.. ഇന്ന് മാത്രമാണ് സത്യം. കവി പാടിയപോലെ നാളെ ആരെന്നും എന്തെന്നും ആർക്കറിയാം ..? അതുകൊണ്ട് ഇന്നു മുതൽ നമ്മൾ ജീവിതം കൂടുതൽ ആസ്വദിക്കുവാൻ ശ്രമിക്കണം.

# ഒക്ടോബർ മാസം 15-ാം തിയതി




## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം

## ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2021 ഒക്ടോബർ മാസം 8-ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 12 മണിക്ക് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. 6. പി.ഉണ്ണിക്കുഞ്ഞ്
7. കെ.എൻ.വിശ്വനാഥൻ നായർ
8. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
9. എൻ.സി.മാത്യു

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2021 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് 2021 ഓഗസ്റ്റ് 13-ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 25,000 രൂപായുടെ കുറി - വട്ടമെത്തി
2. 25,000 രൂപായുടെ കുറി - വട്ടമെത്തി
3. 50,000 രൂപായുടെ കുറി - വട്ടമെത്തി
4. 100,000 രൂപായുടെ കുറി - വട്ടമെത്തി
5. 100,000 രൂപായുടെ കുറി - വട്ടമെത്തി
6. 100,000 രൂപായുടെ കുറി - (139) പ്ലാസിഡ് വർഗീസ്,
7. 100,000 രൂപായുടെ കുറി - (169) പുന്നൂസ് കുരുവിള
8. 100,000 രൂപായുടെ കുറി - (186) ( ത്രേസ്യാമ്മ ആന്റണി
9. 25000 രൂപായുടെ കുറി - (211) ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ
10. 100,000 രൂപായുടെ കുറി - (240) കെ.എസ്.അലക്സാണ്ടർ
11. 100,000 രൂപായുടെ കുറി - (251) ബി.രാജഗോപാൽ

അഭിനന്ദനങ്ങൾ!!

നറുക്ക് ലഭിച്ചവർക്ക് 2021 നവംബർ മാസം 12-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 11-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. **9446322416**

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ "എ"ക്ലാസ്സ് അംഗത്വത്തിന് അപേക്ഷകൾ ഇല്ലായിരുന്നു.

കൂടുതൽ "എ"ക്ലാസ്സ് ഓഹരികൾക്ക് അപേക്ഷ നലിയ സി.കെ.ജോസഫിന് നാൽപതും പി.എസ്.രാജ മോഹൻ നായർക്ക് അൻപതും ത്രേസ്യാമ്മ ആന്റണി യ്ക്ക് നാൽപതും ഷെയറുകൾ അനുവദിച്ചു.

## 'സി' ക്ലാസ്സ് അംഗത്വമെടുത്തവർ

"സി" ക്ലാസ്സ് പുതിയ അംഗത്വത്തിന് അപേക്ഷകൾ ഇല്ലായിരുന്നു. .

### X11-ാമത് ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

കുറച്ചു നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക. ഓഫീസ് സെക്രട്ടറി ശ്രീമതി ത്രേസ്യാമ്മ ആന്റണി



ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.

# നർമ്മ വീഥി




Upgrade your digital skills or perish. Applies to everyone 🤣🤣🤣






ഇടക്ക് ഈ പേര് വിളിക്കുമ്പോൾ അറിയില്ലാരുന്നു ഇത്രയും നാൾ എന്റെ ഭാര്യ എന്നെ ഒരു ദൈവത്തെപോലാണ് കണ്ടതെന്ന് 😩




വ്യാകരണ ക്ലാസിൽ
അധ്യാപകൻ: അവൻ പാത്രം കഴുകുന്നു.....
പാത്രം അവനാൽ കഴുകപ്പെടുന്നു .....
ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്....?
വിദ്യാർഥി:- ആദ്യത്തെ വാക്യത്തിലെ അവൻ അവിവാഹിതനാണ്...

രണ്ടാമത്തേതിൽ അവൻ വിവാഹിതനും..!
😂😂😂😂😂😂😝

അനുവാദം കിട്ടിയോ
ആവോ....




# കൗതുക വാർത്തകൾ

ഈ വർഷത്തെ ഏറ്റവും മികച്ച ഫോട്ടോഗ്രഫി എന്നു കണക്കാക്കപ്പെടുന്ന ചിത്രമാണിത്. ആഫ്രിക്കൻ സാവന്നയിൽ കൊടും ചൂടിൽ നടക്കാൻ വയ്യാതായ ഒരു സിംഹക്കുട്ടിയെ തുമ്പിക്കയിൽ എടുത്ത് അടുത്തുള്ള I ചെറുകുളത്തിനരികിലേക്ക് നടക്കുന്ന ആനയും പെൺ സിംഹവും. സഹജീവികളെ സഹായിക്കുക എന്നത് നമ്മൾ മനുഷ്യർ മൃഗങ്ങളിൽ നിന്നും പഠിക്കേണ്ടിയിരിക്കുന്നു.. വിശപ്പിന് വേണ്ടിയല്ലാതെ അവ മറ്റുള്ളവരെ കൊല്ലാറില്ല. കാരണം അവർക്കു വെറിയോടെ തമ്മിലടിക്കാൻ ജാതിയില്ല മതമില്ല രാഷ്ട്രീയമില്ല ദൈവങ്ങൾ ഇല്ല.
എല്ലാം വെട്ടിപിടിക്കാനുള്ള സ്വാർഥ മോഹങ്ങൾ ഒന്നുമില്ല.



നന്നായി പഠിച്ചു ഒരു മൃഗ ഡോക്ടർ ആകണം



# വായനക്കാർ എഴുതുന്നു



**ആക്ഷേപങ്ങളും അഭിപ്രായങ്ങളും**

പ്രിയ മാത്യു,

നന്ദി. ‘‘ഒയാസിസ്’’ വളരെ നന്നായിരിക്കുന്നു. വിജ്ഞാനപ്രദമായ മാഗസിൻ. ഇത് പുറത്തിറക്കുന്നതിന്റെ ശ്രമകരമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പ്രവർത്തകർക്ക് ഒരു ‘‘ബിഗ് സല്യൂട്ട്!’’



കെ.സി.സോമനാഥൻ, മുൻ സംസ്ഥാന ട്രഷറാർ
കൃഷ്ണാർപ്പണം,
എക്സൽ പാർക്ക്, എസ്.റ്റി.പി. റോഡ് ഏറണാകുളം

സർ,
വളരെ നന്നായിട്ടു ്. എസ്ബിഐ സി.എസ്.ആർ. പ്രവർത്തനങ്ങൾ നന്നായി ഉൾക്കൊള്ളിച്ചിരിക്കുന്നു! സ്നേഹാദരങ്ങൾ!
ജീവൻ പ്രകാശ്,
ഡെ. മാനേജർ (എച്ച്.ആർ.)
ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം

# വയോജന വിശ്രമം നിർബന്ധമാക്കണം.

ഒക്ടോബർ ഒന്നാം തിയ്യതി വയോജന ദിനമെന്നു മാധ്യമങ്ങളിൽ കാണുന്നു. അതു സംബന്ധിച്ച ലേഖനങ്ങളും കാണപ്പെടുന്നുണ്ട്. വയോജന ജനസംഖ്യ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലം, അനുബന്ധ പ്രശ്നങ്ങളും വളരുകയാണ്. മുതിർന്നവർക്ക് വേണ്ട രീതിയിൽ ശ്രദ്ധയും സംരക്ഷണവും കിട്ടുന്നില്ല ഇത് ശ്രദ്ധയോടെ പരിഹരിക്കേണ്ട പ്രശ്നമാണ്.

അതുപോലെ തന്നെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് വയോജനങ്ങളിൽ ചിലർ വിശ്രമമെടുത്തു പൊതുജീവിതത്തിൽന്നും മാറാതെ, പല വിധ ദൗർബല്യങ്ങളുമായി എവിടെയും ഇടപെടുന്നു എന്നത്. രാഷ്ട്രീയ രംഗമാണ് ഏറ്റവും വലിയ വേദി. രാജ്യസഭാ മെമ്പർമാരുടെ പ്രായം പരിശോധിക്കാം. പലർക്കും നിർബന്ധിത വിശ്രമം കൊടുത്തേ തീരൂ. 75 വയസു ആകുന്ന വയോവൃദ്ധർക്ക് സർക്കാർ നിർബന്ധിത വിശ്രമം പ്രഖ്യാപിക്കണം. പ്രത്യേകിച്ച്, ആരെയും രാഷ്ട്രീയത്തിൽ തുടരാൻ അനുവദിക്കരുത്. നല്ല ആരോഗ്യമുള്ളവർ മാത്രം പറ്റിയ മനോഗുണ പ്രവർത്തികൾ ചെയ്യട്ടെ.



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

# യാത്രയയപ്പ്

എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ പ്രസിഡന്റ് റ്റി.ഒ.ജോൺ 2016 സെപ്റ്റംബർ 30 ന് ബാങ്ക് സേവനത്തിൽ നിന്നും ഔദ്യോഗികമായി വിരമിച്ച ശേഷം കൺകറന്റ് ഓഡ്റ്റർ ആയി എൻറോൾ ചെയ്ത് 4 വർഷം 6 മാസം പൂർത്തീകരിച്ച് 2021 സെപ്റ്റംബർ 30-ാം തിയതി വിടവാങ്ങി.



*റ്റി.ഒ.ജോണിന് സെപ്സ് കാക്കനാട് ശാഖയിൽ നിന്നും അനുസ്മരണീയമായ യാത്രയയപ്പ് നല്കിയപ്പോൾ*

ഈ കാലയളവിൽ കോട്ടയം മുഖ്യ ശാഖയിലും എരണാകുളം എം.ജി.റോഡ്, സെപ്സ് കാക്കനാട് എന്നീ ശാഖകളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

# അഭിനന്ദനങ്ങൾ!!

## പ്രകാശനം ചെയ്തു




സ്നേഹപ്രകാശിന്റെ ചെറുകഥാ സമാഹാരത്തിന്റെ പ്രകാശനം ഒക്ടോബർ മാസം 16-ാം തിയതി ശനിയാഴ്ച്ച വൈകിട്ട് അഞ്ചു മണിക്ക് കോഴിക്കോട് മാനാഞ്ചിറ പരിസരത്ത് സ്പോർട്സ് കൗൺസിൽ ഹാളിൽ സാഹിത്യ നിരൂപകനും വിവർത്തകനും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ കെ. എസ്. വെങ്കിടാചാലം കവിയും സാംസ്കാരിക പ്രവർത്തകനുമായ ആർ. മോഹനന് പുസ്തകത്തിന്റെ ഒരു പ്രതി നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ അദ്ധ്യക്ഷനായിരുന്നു. കോഴിക്കോട് ജില്ലാ സെക്രട്ടറി എം.രാജഗോപാൽ സ്വാഗതം ആശംസിച്ചു. മലയാളം സർവകലാശാല മുൻ രജിസ്ട്രാർ കെ.വി.ഉമർഫാറൂക്ക് നന്ദി പ്രകാശിപ്പിച്ചു..

## എൻ.വി.വൈജ്ഞാനിക സാഹിത്യപുരസ്കാരം ഡോ.എം.എൻ.ആർ. നായർക്ക്



ഡോ.എം.എൻ.ആർ. നായർ




എൻ.വി.വൈജ്ഞാനിക സാഹിത്യപുരസ്കാരം സമ്മാനിച്ച വേദിയിൽ മറുപടി പ്രസംഗം നടത്തുന്ന റിട്ട. എ.ജി.എം ഡോ.എം.എൻ.ആർ. നായർ



കവടിയാർ ബി.എസ്.എസ്.ഓഡ്റ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ റിട്ട. എ.ജി.എം ഡോ.എം.എൻ.ആർ. നായർക്ക് എൻ.വി.വൈജ്ഞാനിക സാഹിത്യപുരസ്കാരം മുൻ വിദ്യാഭ്യാസ മന്ത്രി എം.എ.ബേബി സമ്മാനിച്ചപ്പോൾ

## പ്രകാശ് .കെ.സി.ക്ക് അനുമോദനങ്ങൾ



പ്രകാശ് .കെ.സി




1971ൽ ആൾ ഇൻഡ്യ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച് ''അഷുതോഷ് മുഖർജി ഷീൽഡ്'' നേടിയ റ്റീമിൽ അംഗമായിരുന്ന പ്രകാശ് .കെ.സി.ക്ക് 19.10.2021ൽ കോഴിക്കോട് യൂണിവേസിറ്റി ആദരിച്ച് നല്കിയ ഉപഹാരം. പ്രകാശ് .കെ.സി റിട്ട. ഡെപ്യൂട്ടി മാനേജർ എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വയനാട് ജില്ലാ കേന്ദ്രത്തിലെ അംഗമാണ്.

## പി.വി.സുരേന്ദ്രന്റെ ചെറുകഥാ സമാഹാരം "സദാനന്ദപുരത്തെ വിശേഷങ്ങൾ" പ്രകാശനം ചെയ്തു

.

എറണാകുളം ജില്ലാ കേന്ദ്രത്തിലെ എക്സിക്യൂട്ടിവ് കമ്മറ്റി അംഗമായ പി.വി.സുരേന്ദ്രന്റെ (സദാനന്ദൻ പാറാശ്ശേരി) ചെറുകഥാ സമാഹാരം "സദാനന്തപുരത്തെ വിശേഷങ്ങൾ" ആലുവ സംഗീത സഭാ ഹാളിൽ വെച്ച് മുനിസിപ്പൽ ചെയർമാൻ ശ്രീ എം.ഒ.ജോൺ , സംഗീത സഭാ സെക്രട്ടറി ശ്രീ എൻ കെ മാരാർക്കു നൽകി പ്രകാശനം ചെയ്തു.



പി.വി.സുരേന്ദ്രന്റെ (സദാനന്ദൻ പാറാശ്ശേരി) ചെറുകഥാ സമാഹാരം "സദാനന്തപുരത്തെ വിശേഷങ്ങൾ" ആലുവ സംഗീത സഭാ ഹാളിൽ വെച്ച് മുനിസിപ്പൽ ചെയർമാൻ ശ്രീ എം.ഒ.ജോൺ, സംഗീത സഭാ സെക്രട്ടറി ശ്രീ എൻ കെ മാരാർക്കു നൽകി പ്രകാശനം ചെയ്യുന്നു.

## അഭിനന്ദനങ്ങൾ!!

**തോമസ് ജോസഫിന് പി.എച്ച്.ഡി**



ഇലക്ട്രിക്കൽ എജിനിയറിംഗിൽ റൂർക്കി ഐഐടിയിൽ നിന്ന് പിഎച്ച്ഡി നേടിയ തോമസ് ജോസഫ്. കാഞ്ഞിരപ്പള്ളി കപ്പാട് തെങ്ങുംമൂട്ടിൽ ജോസഫ് - റാണി ദമ്പതികളുടെ മകനാണ്. ഭാര്യ മൂവാറ്റുപുഴ പൂവൻവീട്ടിൽ ഡോ. ടീനു തെക്ല ഡേവിസ് (പിഎച്ച്ഡി, റൂർക്കി ഐഐടി)

തോമസ് ജോസഫ് **Ph.D** നമ്മുടെ കോട്ടയം ജില്ലാ മെമ്പർ വെട്ടിക്കൻ ജോസഫിന്റെ മകനാണ്



# നെല്ലാട് ശാഖയിൽ നിന്നും സെപ്റ്റംബർ 30 ന് വിരമിച്ച മോഹനൻ നായർ.എം.ആർ.



നെല്ലാട് ശാഖയിൽ നിന്നും സമർപ്പിത സേവനത്തിന് ശേഷം വിരമിച്ച മോഹനൻ നായർ.എം.ആർ സഹ പ്രവർത്തകരോടൊപ്പം യാത്രയയപ്പ് വേളയിൽ.



നെല്ലാട് ശാഖയിൽ നിന്നും വിരമിച്ച മോഹനൻ നായർ എം.ആർ വിടവാങ്ങൽ പ്രസംഗം നടത്തുന്നു.

# ഒക്ടോബർ 2021 ന് വിരമിക്കുന്നവർ

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള ഒക്ടോബർ-21ന് വിരമിക്കുന്നവർ

1. ഗണേഷ് ബാബു ആർ ഹെഡ് മെസഞ്ചർ ആലപ്പുഴ
2. ജോർജ് ഫിലിപ്പ് വി ഡെപ്യൂട്ടി മാനേജർ ആലപ്പുഴ
3. സജാദ് എം.കെ ചീഫ് മാനേജർ ,ആലപ്പുഴ
4. രാധാകൃഷ്ണൻ ജി വാർഡ് ഹെഡ് ക്യാറ്റ് എറണാകുളം
5.കുഞ്ഞുമോൾ.എൽ. സീനിയർ ഹെഡ് മെസഞ്ചർ പീരുമേട് ശാഖ , ഇടുക്കി
6. രമേശ് അവൊത് സീനിയർ അസോസിയേറ്റ് (സിഎസ്എസ്) കണ്ണൂർ
7. സുബ്രായ നായിക്.ടി, ഡെപ്യൂട്ടി മാനേജർ RASMEC കാഞ്ഞങ്ങാട് കണ്ണൂർ
8. ജയകുമാർ എം പി സീനിയർ ഹെഡ് മെസഞ്ചർ . ഏറ്റുമാനൂർ
9. സജീവൻ .എ. പി .ചീഫ് മാനേജർ
10. സുരേഷ് അപ്പു നായർ ചീഫ് അസോസിയേറ്റ് (സിഎസ്എസ്) മണ്ണാർക്കാട് പാലക്കാട്
11. രാഘവേന്ദ്ര എസ് ശ്രീനിവാസൻ പോറ്റി ഡെപ്യൂട്ടി മാനേജർ LHO TVMT 11 തിരുവനന്തപുരം തിരുവനന്തപുരം
12. 12 ശശി കുമാർ കെ ചീഫ് മാനേജർ തിരുവനന്തപുരം
13. 13 ഉഷാ കുട്ടി ശങ്കരൻ നായർ RACPC TRIVANDRU ചീഫ് അസോസിയേറ്റ്

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

# കെ.ശശികുമാർ



എസ്ബിഐ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 ഒക്ടോബർ 31-ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്ന ചീഫ് മാനേജർ കെ.ശശികുമാർ. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# രമേശ് അവൊത്ത്



രമേശ് അവൊത്ത്

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ കണ്ണൂർ ശാഖയിൽനിന്നും 33 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം ചീഫ് അസോസിയേറ്റായി വിരമിക്കുന്ന രമേശ് അവൊത്. .. കണ്ണൂർ നടന കലാക്ഷേത്രം എന്ന നാടക സമിതിയിൽ 1985 മുതൽ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പൂർണ മായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു



രമേഷ് കെട്ടിയാടിയ വേഷങ്ങളിൽ പ്രിയപ്പെട്ടത് വേറിട്ട മറ്റൊന്ന്



രമേഷ് കെട്ടിയാടിയ വേഷങ്ങളിൽ പ്രിയപ്പെട്ട വേറിട്ട മറ്റൊന്ന്

# കുഞ്ഞുമോൾ.എൽ.



കുഞ്ഞുമോൾ.എൽ.

ശ്രീമതി. കുഞ്ഞുമോൾ.എൽ. പീരുമേട് ശാഖയിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജർ ആയി 35 വർഷം ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2021 ഒക്ടോബർ 31–ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ജയകുമാർ.എം.പി.



ജയകുമാർ.എം.പി.

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ ഏറ്റുമാനൂർ ശാഖയിൽനിന്നും 33 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 ഒക്ടോബർ 31–ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു ജയകുമാർ.എം.പി. സീനിയർ ഹെഡ് മെസ്സഞ്ജർ, മഞ്ചലിൽ വില്ലൂന്നി, ആർപ്പൂക്കര. യാത്രാമംഗളങ്ങൾ!!

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ജോർജ്ജ് ഫിലിപ്പ്.വി



ആലപ്പുഴ റാസ്മെക്കിൽ നിന്നും സ്തുത്യർഹമായ മികച്ച സേവനത്തിന് ശേഷം 31.08.2021 ന് ബാങ്ക് സർവീസിൽ നിന്ന് ഡെ. മാനേജരായി വിരമിച്ച ജോർജ്ജ് ഫിലിപ്പ്.വി.. സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ ആലപ്പുഴ റാസ്മെക്കിൽ നിന്നും 2021 ഒക്ടോബർ 31-ാം തിയതി വിരമിച്ചു. ആയുരാരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാനും കർമ്മനിരതനായിരിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സുബ്ബരായ നായിക്. ടി



. സുബ്ബരായ നായിക്. ടി

റാസ്മെക്ക് കാഞ്ഞങ്ങാട് യൂണിറ്റിൽ നിന്നും സ്തുത്യർഹമായ മികച്ച സേവനത്തിന് ശേഷം 31.10.2021 ന് ബാങ്ക് സർവീസിൽ നിന്ന് വിരമിച്ച ഡെപ്യൂട്ടി മാനേജർ സുബ്ബരായ നായിക്. യാത്രാമംഗളങ്ങൾ ഹൃദ്യമായി ആശംസിക്കുന്നു.!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കാസർഗോഡ് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സുരേഷ് അപ്പു നായർ



പാലക്കാട് ജില്ല മണ്ണാർക്കാട് ശാഖയിൽ നിന്നും ചീഫ് അസോസിയേറ്റ് (സിഎസ്എസ്) ആയി 35 വർഷം ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2021 ഒക്ടോബർ 31-ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്ന സുരേഷ് അപ്പു നായർ. സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# രാധാകൃഷ്ണൻ ജി



രാധാകൃഷ്ണൻ ജി

ഉദ്യോഗമണ്ഡൽ ശാഖയിൽ നിന്നും സീനിയർ ഹെഡ് ആംഡ് ഗാർഡ് ആയി 18 വർഷം 6 മാസം 3 ദിവസത്തെ വിശ്വസ്ഥ സേവനത്തിന് ശേഷം 2021

ഒക്ടോബർ 31-ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്ന രാധാകൃഷ്ണൻ ജി. എല്ലാ നന്മകളും നേരുന്നു. . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാനും കർമ്മനിരതനായിരിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സജീവൻ .എ. പി .



സജീവൻ .എ. പി .

എസ്.ബി.ഐ. ഈരാറ്റുപേട്ട ശാഖയിൽ നിന്നും ചീഫ് മാനേജർ ആയി 34 വർഷം 7 മാസം ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2021 ഒക്ടോബർ 31-ാം തിയതി ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്ന സജീവൻ .എ. പി . സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ സംഘടനയിലേക്ക് ഔപചാരികമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.







# സി.ആർ.വിശ്വനാഥൻ



സി.ആർ.വിശ്വനാഥൻ

നമ്മുടെ മെമ്പർ അനിയൻ കുഞ്ഞു സി വി യുടെ പിതാവ് ചങ്ങനാശ്ശേരി {തിക്കൊടിത്താനം കോട്ടമുറി ചാത്തനാട്ടു വീട്ടിൽ പരേതനായ രാമൻ മകൻ സി . ആർ . വിശ്വനാഥൻ ( 97 ) നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. സംസ്കാരം ഒക്ടോബർ 5-ാം തിയതി ചൊവ്വാഴ്ച്ച രാവിലെ 11 മണിയ്ക്ക് വീട്ടു വളപ്പിൽ നടത്തീ. ശ്രീനാരായണ ഗുരു ദർശന പുണ്യം നേടിയിട്ടുണ്ട്.

ഭാര്യ പുഴവാത് മുതലറയിൽ പരേതയായ ഭാഗീരഥി. മക്കൾ: പരേതയായ മാലതി ഭായ്. സി.വി . അനിയൻ കുഞ്ഞു.സി. വി . (റിട്ടയേർഡ് എസ്.ബി.ഐ. ഉദ്യോഗസ്ഥൻ) ഉമാദേവി, ഉഷാഭായ്. മരുമക്കൾ : തിരുവല്ലാ തോപ്പിൽ മലയിൽ പരേതനായ പി.കെ. ദിവാകരൻ , മുണ്ടിയപ്പള്ളി പാറയിൽ കിഴക്കേതിൽ കെ.വി. കനകമ്മ ( റിട്ടയേർഡ് ഗവ . മെഡിക്കൽ സർവീസ്, രാജസ്ഥാൻ), കോട്ടമുറി ചരിവ് പറമ്പിൽ പരേതനായ വിശ്വനാഥൻ, തിരുവല്ലാ

അനന്ത പുലത്തുമറ്റത്തിൽ എം. ഡി. വിശ്വംഭരൻ തിരുവല്ലാ തോപ്പിൽ മലയിൽ കെ.സോമൻ.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# പി.ഭഗീരഥിയമ്മ



പി.ഭഗീരഥിയമ്മ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗമായ അംബികാ ദേവിയുടെ മാതാവ് പി.. ഭഗീരഥിയമ്മ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 86 വയസ്സായിരുന്നു. പടിഞ്ഞാറേക്കര മുട്ടത്തിൽ പരേതനായ കരുണാകരൻ നായരുടെ ഭാര്യയാണ് മക്കൾ: നാരായണൻ നായർ (റിട്ട. ഡെപ്യൂട്ടി കലക്ടർ ) ഗീതാദേവി., അംബികാ ദേവി (റിട്ട. എസ്ബിഐ ഉദ്യോഗസ്ഥ), കെ. ശ്രീരാമചന്ദ്രൻ (റിട്ട. സബ് രജിസ്ട്രാർ), രാധ.

മരുമക്കൾ : ഉമാദേവി.കെ.എൻ, ത്രിവിക്രമൻ കർത്ത, രമാദേവി, (അദ്ധ്യാപിക, എൻ.എസ്.എസ്. ഹൈസ്കൂൾ പാണാവള്ളി ) രാജു.കെ.നായർ, മോഹനൻ നായർ

അവരുടെ നിര്യാണത്തിൽ ബന്ധുക്കളുടേയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ആർ.സീതാരാമയ്യർ



ആർ.സീതാരാമയ്യർ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം യൂണിറ്റ് അംഗം കൊല്ലം ഡെ. ജനറൽ സെക്രട്ടറി എൻ.ഗണപതീകൃഷ്ണന്റെ ഭാര്യാ പിതാവ് റിട്ട. കെമിസ്റ്റ്രി പ്രൊഫസ്സർ ആർ.സീതാരാമയ്യർ നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. 92 വയസ്സായിരുന്നു. തേവര എസ്.എച്ച്. കോളേജിലായിരുന്നു പ്രൊഫസ്സറായി ജോലി നോക്കിയിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി. ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# സി . സഖറിയാസ്



സി . സഖറിയാസ്

റിട്ട . സ്റ്റേറ്റ് ബാങ്ക് ഉദ്യോഗസ്ഥൻ സന്തോഷ് ജേക്കബ് പിറവം ത്തിന്റെ ഭാര്യാ പിതാവ് കുറുപ്പംപടി : വേങ്ങൂർ വളവനാട്ടിൽ സി . സഖറിയസ് അന്തരിച്ചു . 87 വയസ്സായിരുന്നു ഭാര്യ വേങ്ങൂർ പടയാട്ടിൽ കുടുംബാംഗം ചിന്നമ്മ മക്കൾ : ഷിലിൻ സഖറിയാസ് ( സിനിയർ സെയിൽസ് മാനേജർ, സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് പെരുമ്പാവൂർ), ഷിനി സഖറിയാസ് (അധ്യാപിക, ഭവൻസ് വിദ്യാമന്ദിർ, വെള്ളൂർ) മരുമക്കൾ : ലിസി കുര്യാക്കോസ് (റിട്ട .അസിസ്റ്റന്റ് എൻജിനീയർ, പെരിയാർവാലി) സന്തോഷ് ജേക്കബ്. (എസ് ബി ഐ റിട്ട), സംസ്കാരം 13 -ാം തിയതി ബുധനാഴ്ച 12 - ന് വൈക്കം ചെമ്പ് സെയ്ന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി സെമിത്തേരിയിൽ നടത്തി..

കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# സോമിനി ജോർജ്.



സോമിനി ജോർജ്

.എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ അംഗം സോമിനി ജോർജ് ചാമക്കാലായിൽ (റിട്ട .ചീഫ് അസോസിയേറ്റ് ,എസ് .ബി.ഐ ,തൊടുപുഴ LM 10176) നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു . . തൊടുപുഴ :റിട്ട .എസ്.ബി .ഐ .ചീഫ് മാനേജർ ഒളമറ്റം ചാമക്കാലായിൽ ജോർജ് ജോസെഫിന്റെ (സി.ഇ.ഓ ,അർബൻ ബാങ്ക് ,തൊടുപുഴ ) ഭാര്യയാണ് സോമിനി. 60 വയസ്സായിരുന്നു. .സംസ്ക്കാരം 18.10 .2021 തിങ്കൾ തെനംകുന്നു സെന്റ് മൈക്കിൾസ് പള്ളി സെമിത്തേരിയിൽ നടത്തി.. .മുട്ടം പൊടിപാറ (പൈക്കനാട്ട് ) കുടുംബാംഗമാണ്. .മക്കൾ :അഞ്ചു ,അലെൻ.. മരുമകൻ :ഷിബു, ഇഞ്ചനാൽ (നിലമ്പൂർ) സഹോദരൻ : റോയി ജേക്കബ് ,പൊടിപാറ .

കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

## അനുശോചനക്കുറിപ്പ്

സോമിനി ജേക്കബിന്റെ ദു:ഖകരമായ വിയോഗം കേട്ട് ശരിക്കും ഞെട്ടി.. കോവിഡ് ബാധിച്ച് ഗുരുതരമായ അണുബാധയെ തുടർന്ന് ഒരു മാസത്തിലേറെയായി വെന്റിലേറ്ററിലായിരുന്നു. അവരുടെ ദു:ഖകരമായ അവസ്ഥ ഞങ്ങളുടെ അംഗങ്ങൾക്കിടയിൽ ആശങ്ക പരത്തി. ഓരോരുത്തരും അവരുടെ അതിജീവനത്തിനായി അകമഴിഞ്ഞ് പ്രാർത്ഥിക്കുകയായിരുന്നു, പക്ഷേ വിധി വളരെ ക്രൂരമായിരുന്നു, ഒടുവിൽ നമ്മളെ എല്ലാവരേയും ദു:ഖത്തിലാഴ്ത്തി അകാലത്തിൽ വേർപിരിഞ്ഞു. ജോർജ്ജ് ജോസഫിനെ എങ്ങനെ ആശ്വസിപ്പിക്കുമെന്ന ആശങ്കയിലാണ് ഞാൻ. സ്നേഹത്തിന്റെ വേദന ഒരു ജീവിതകാലം മുഴുവൻ നീണ്ടു നില്ക്കും. അവരുടെ ഓർമ്മകൾക്ക് മരണമില്ല. അകാലത്തിൽ വിടപറഞ്ഞുവെങ്കിലും ഏവരുടേയും ഹൃദയങ്ങളിൽ അവർ വസിക്കും. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ഇടുക്കി ജില്ലാ കേന്ദ്രം അനുശോചനം രേഖപ്പെടുത്തുന്നു, കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

റ്റി.ജെ.ജോസഫ്,
ഇടുക്കി ജില്ലാ പ്രസിഡന്റ് ..

# മുരളീധരൻ നായർ



.എസ്. ബി. ഐ. തലയോലപ്പറമ്പ് ശാഖയിലെ എം.എസ്.ശ്രീനാഥിന്റെ പിതാവ് വൈക്കം ചെമ്പ് ശ്രീസദനത്തിൽ മുരളീധരൻ നായർ (73) അന്തരിച്ചു. ഭാര്യ : അമ്മിണി എം. നായർ . മക്കൾ : എം..എസ്..ശ്രീനാഥ് ( എസ് . ബി.ഐ. , തലയോലപ്പറമ്പ് ), എം..എസ് . ശ്രീകാന്ത് ( കെ . എൽ.എം. ആക്സീവ , വൈക്കം ) . മരുമകൾ : സൂരത്ത് ശ്രീനാഥ് ( അധ്യാപിക, കുമരകം ഗവ . ഹയർ സെക്കൻഡറി സ്കൂൾ ) .

കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ  പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# പി.രാമൻ



.എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രത്തിലെ അംഗം (എൽ.എം.49) പി.രാമൻ, ക്ഷെമ, എസ്.ബി.ഐ..കോളനി, ഒറ്റപ്പാലം എറണാകുളം ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സയിലിരിക്കവേ അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.

1975 ബാച്ച് ട്രെയ്നി ഓഫീസറായിരുന്നു. കുന്ദംകുളം, തിരൂർ, ഒറ്റപ്പാലം തുടങ്ങിയ വിവിധ ശാഖകളിൽ ജോലി ചെയ്തിട്ടുണ്ട്. 2001 ൽ സർവീസിൽ നിന്നും സ്വയം വിരമിച്ച് ഒറ്റപ്പാലത്ത് സ്ഥിരതാമസമാക്കുകയായിരുന്നു. അദ്ദേഹത്തിന്റെനിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# പുഷ്പൻ.കെ.കെ.



പുഷ്പൻ.കെ.കെ.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം (LM 2564) പുഷ്പൻ.കെ.കെ. :റിട്ട .എസ്.ബി.ഐ . മാനേജർ, എറണാകുളം അമൃതാ ആശുപത്രിയിൽ ചികിത്സയിലിരിക്കവേ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു . അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

## അനുശോചനക്കുറിപ്പ്

പുഷ്പൻ കെ കെ എന്റെ അടുത്ത സഹജീവിയും സുഹൃത്തും ആയിരുന്നു. അദ്ദേഹത്തിന്റെ വിയോഗം മൂലമുണ്ടായ അഗാധമായ വേദനയും സങ്കടവും. അറിയിക്കട്ടെ. നാല് പതിറ്റാണ്ടിലേറെ നീണ്ട സൗഹൃദം. വളരെ ധീരനായ നേതാവ്. .എസ്. ബി. എസ് യു യൂണിറ്റ് സെക്രട്ടറിയായാണ് കണ്ണൂരിൽ ബാങ്ക് ട്രേഡ് യൂണിയൻ പ്രവർത്തനം ആരംഭിച്ചത്. നല്ല പ്രാസംഗികൻ. ട്രെയിനി ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചു. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുട്ടികൾക്കും ശ്രീ പുഷ്പൻ കെ കെ യുടെ ദു:ഖകരമായ വിയോഗത്തിൽ ഹൃദയം നിറഞ്ഞ അനുശോചനം. അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

കെ.രാജീവൻ,

സംസ്ഥാന പ്രസിഡന്റ്

# അർജുന പണിക്കർ



കെ. അർജുന പണിക്കർ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ആർ വസന്തകുമാരിയുടെ ജീവിത പങ്കാളി: തിരുവനന്തപുരം വെള്ളായണി, പൂങ്കളം പദ്മരാഗത്തിൽ കെ. അർജുന പണിക്കർ സ്വവസതിയിൽ വച്ച് ആകസ്മികമായി നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു.

ശവസംസ്കാരം 27–ാം തിയതി ബുധനാഴ്ച 9.30ന് ശാന്തികവാടത്തിൽ. നടത്തി. ശ്രീമതി ആർ വസന്തകുമാരി യുടെ ഭർത്താവിന്റെ പെട്ടെന്നുള്ള മരണത്തിൽ ദു:ഖിതരായ കുടുംബത്തിന് തിരുവനന്തപുരം ജില്ലാ കമ്മറ്റിയുടെ അഗാധമായ അനുശോചനം അറിയിക്കുന്നു,

### അനുശോചനം

പ്രാർത്ഥനകളോടെ എന്റെ ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തുന്നു.

വി.എൽ.ജോസഫ്
ജില്ലാ സെക്രട്ടറി

# വി.എസ്. ബാലകൃഷ്ണ പിള്ള



വി.എസ്. ബാലകൃഷ്ണ പിള്ള

എസ്.ബി.ഐ. കോട്ടയം ശാഖയിലെ ചീഫ് മാനേജരായ ലീന ജയന്റെ ഭർതൃപിതാവ് വി.എസ്. ബാലകൃഷ്ണ പിള്ള അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. അദ്ദേഹത്തിന്റെനിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# ജിനു അഗസ്റ്റിൻ



ജിനു അഗസ്റ്റിൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം സി.ജെ.അഗസ്റ്റിന്റെ മകൻ ജിനു അഗസ്റ്റിൻ ഷട്ടിൽ കളിക്കന്നതിനിടെ കുഴഞ്ഞ് വീണ് മരിച്ച അത്യന്തം വേദനാജനകമായ വാർത്ത വ്യസന സമേതം അറിയിക്കുന്നു. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ എറണാകുളം ജില്ലാ കേന്ദ്രം അനുശോചനം രേഖപ്പെടുത്തുന്നു, കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. .

# നെടുമുടി വേണു

മലയാളത്തിന്റെ അഭിനയപ്രതിഭ നെടുമുടി വേണു ഓർമയായി. ഇന്ത്യൻ സിനിമയിലെ തന്നെ പ്രതിഭാധനന്മാരായ അഭിനേതാക്കളിൽ ഒരാളായി കണക്കാക്കപ്പെടുന്ന വേണു നാടകങ്ങളിലും അഞ്ഞൂറിലേറെ സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. നായകനും വില്ലനും സ്വഭാവനടനുമൊക്കെയായി തിരശ്ശീലയിൽ നിറഞ്ഞ വേണു കാരക്ടർ റോളുകളും തമാശ വേഷങ്ങളും ഉൾപ്പെടെയെല്ലാം ഗംഭീരമായി അവതരിപ്പിച്ചു. അനന്യമായ അഭിനയ ശൈലിയും പ്രതിഭയും കൊണ്ട് ഇന്ത്യൻ സിനിമയിലെ തന്നെ എണ്ണംപറഞ്ഞ നടന്മാരിലൊരാളാകാൻ വേണുവിനു കഴിഞ്ഞു. ദേശീയ ചലച്ചിത്ര പുരസ്കാരം മൂന്നു വട്ടവും സംസ്ഥാന ചലച്ചിത്ര പുരസ്കാരം ആറുവട്ടവും ലഭിച്ചു







**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**


**ഉപദേശക സമിതി**

ശ്രീ.കെ.രാജീവൻ, സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

**പത്രാധിപ സമിതി**

രക്ഷാധികാരി

മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

മാനേജിംഗ് എഡിറ്റർ

ശ്രീ.എം.ജി.രാഘവൻ

ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

കെ. എൻ വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ


P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

(കടപ്പാട് വിവിധ മാധ്യമങ്ങൾ)


SBI PENSIONERS' ASSOCIATION KERALA

KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016

Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245

email: sbipakktym@gmail.com